VOL NO: 07 I ISSUE 38
www.nerpatham.com
mail@nerpatham.com
2023 SEPTEMBER 23 I ₹10

# നേർപഥം

വാരിക



# നബിദിനാഘോഷം: ബിദഈ ഫാക്ടറികളിൽ നിർമിച്ച ‘തെളിവുകൾ’ അപര്യാപ്തം തന്നെ!

സ്വന്തത്തെക്കാൾ മറ്റൊരാളെ ഇഷ്ടപ്പെടുക എന്നത് സ്നേഹാതിരേകത്തിന്റെ പരമകാഷ്ഠയാണ്. അന്ത്യപ്രവാചകനോടുള്ള അനുചരന്മാരുടെയും പിൽക്കാലക്കാരുടെയും സ്നേഹവും ബഹുമാനവും ഈ ഗണത്തിൽപെട്ടതാണ്. എന്നാൽ, മറ്റേത് രംഗത്തുമെന്നപോലെ ഇസ്‌ലാമിക നിർദേശങ്ങൾ പാലിക്കാതിരുന്നാൽ അത് പ്രഹസനവും ശിക്ഷാർഹവുമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. നിർഭാഗ്യവശാൽ, ഇന്ന് നബിസ്നേഹത്തിന്റെ പേരിൽ നടക്കുന്ന പല കോപ്രായങ്ങളുടെയും സ്ഥിതി ഇതാണ്.

## മാലിന്യ പ്രശ്ന പരിഹാരം; ഒരു നൈജീരിയൻ മാതൃക

|| ബ്രെയിൻ മാപ്പിംഗും നാർക്കോ അനാലിസിസും

|| സ്ത്രീസ്വാതന്ത്ര്യവും സമത്വവും; ചില മിഥ്യാധാരണകൾ

|| നബി(സ്വ) ജനിച്ച രാത്രിക്ക് ലൈലതുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠതയോ?

## ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay
BHIM UPI

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0348

നേർപഥം
വാരിക

2023 സെപ്തംബർ 23
1445 റ.അവ്വൽ 08
പുസ്തകം 07 / ലക്കം 38






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി



10

**നബിദിനാഘോഷം: ബിദഈ ഫാക്ടറികളിൽ നിർമിച്ച 'തെളിവുകൾ' അപര്യാപ്തം തന്നെ!**
അബ്ദുൽ മാലിക് സലഫി

മുഖമൊഴി
മാലിന്യ പ്രശ്ന പരിഹാരം; ഒരു നൈജീരിയൻ മാതൃക 05

ക്വുർആൻ ദർശനം
22 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
'വാഗ്ദത്ത പുത്രൻ'
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ 06

ഗാനം
25 നാം ഇന്ത്യക്കാർ
വി. വി. ബഷീർ വടകര

ലേഖനം
നബി(സ്വ) ജനിച്ച രാത്രിക്ക് ലൈലതുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠതയോ?
ഉസ്മാൻ പാലക്കാഴി 15

ലേഖനം
26 ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും
ഷാഹുൽ പാലക്കാട്

വനിതാപഥം
സ്ത്രീസ്വാതന്ത്ര്യവും സമത്വവും; ചില മിഥ്യാധാരണകൾ
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി 18

ലേഖനം
30 മറ്റൊരു തെളിവ്
മുബാറക് ബിൻ ഉമർ

നിയമപഥം
ബ്രെയിൻ മാപ്പിംഗും നാർക്കോ അനാലിസിസും
അബൂ ആദം അയ്മൻ 20

ലേഖനം
34 അല്ലാഹു എവിടെ?
ഉമ്മു മിസ്യാൽ മൊറയൂർ



'യുവത്വം നിർവചിക്കപ്പെടുന്നു'

# വിസ്ഡം യൂത്ത് കോൺഫറൻസ് പ്രഖ്യാപനം പ്രൗഢമായി

ചേർത്തല: രാജ്യത്തിന്റെ സാമൂഹിക നവോത്ഥാനവും സാംസ്കാരിക മൂല്യവും വീണ്ടെടുക്കാൻ യുവജന കർമശേഷിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താനാകണമെന്ന് വിസ്ഡം യൂത്ത് ആലപ്പുഴ ചേർത്തലയിൽ സംഘടിപ്പിച്ച സംസ്ഥാന യുവജന സമ്മേളന പ്രഖ്യാപന സംഗമം ആവശ്യപ്പെട്ടു.

'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ 2024 ഫെബ്രുവരി 10, 11 തീയതികളിൽ മലപ്പുറത്ത് സംഘടിപ്പിക്കുന്ന കേരള യൂത്ത് കോൺഫറൻസിന്റെ പ്രഖ്യാപന സമ്മേളനം കൃഷിവകുപ്പ് മന്ത്രി വി. പ്രസാദ് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി ആധ്യക്ഷ്യം വഹിച്ചു.

രാജ്യത്ത് ഭീതി സൃഷ്ടിച്ച് സ്വാതന്ത്ര്യവും ജനാധിപത്യവും ഇല്ലായ്മ ചെയ്യാനാണ് ഫാസിസ്റ്റ് ഭരണകൂടം ശ്രമിക്കുന്നതെന്ന് മന്ത്രി പി. പ്രസാദ് പ്രസ്താവിച്ചു. മതവും വിശ്വാസവും ഉയർത്തിപ്പിടിച്ച്, സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽനിന്നും ശ്രദ്ധതിരിച്ച്, വൈകാരികത ഉയർത്തിവിട്ട് അധികാരം പിടിച്ചെടുക്കുന്ന രീതിയാണ് ഇന്ത്യയിൽ ഫാസിസ്റ്റുകൾ അവലംബിക്കുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. നോട്ടംകൊണ്ടുപോലും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാത്തവരാണ് ദേശീയതയും ദേശസ്നേഹവും ഇന്ത്യൻ ജനതയെ പഠിപ്പിക്കാൻ ഇറങ്ങുന്നത് എന്നത് വലിയ വിരോധാഭാസമാണ്. അതിതീവ്ര ദേശീയതയാണ് ഭരണത്തിന്റെ മറവിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ഓരോ വിഭാഗത്തിനും ശത്രുവിനെ സൃഷ്ടിച്ച് നൽകി സമൂഹത്തിൽ അനൈക്യം സൃഷ്ടിച്ചാണ് ഇവർ വോട്ട് രാഷ്ട്രീയം കളിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

യുവാക്കളുടെ ചിന്താശേഷിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താനുള്ള വിവിധ പ്രവർത്തന പദ്ധതികളാണ് സമ്മേളനത്തോടനുബന്ധിച്ച് ആസൂത്രണം ചെയ്തിരിക്കുന്നത്. യുവതയുടെ കരുത്തിനെ കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും ഉപകരിക്കും വിധമുള്ള നിർദേശങ്ങളും പ്രായോഗിക പദ്ധതികളുമാണതിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. അരാഷ്ട്രീയത യുവമനസ്സുകളെ നിഷ്ക്രിയമാക്കുമ്പോൾ അതിനെതിരെയുള്ള ദിശാബോധം നൽകാനും പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വൈജ്ഞാനികരംഗത്തെയും പുതിയ വാതായനങ്ങൾ ഉപയോഗപ്പെടുത്തേണ്ട രീതിയും സമ്മേളനം വരച്ച് കാണിക്കും. വിശ്വാസ സംസ്കരണം, സ്വഭാവ വിശുദ്ധി, ചരിത്രബോധം, ചൂഷണമുക്തമായ ആത്മീയത, കുടുംബ ജീവിതത്തിൽ വിജയിക്കാൻ നിദാനമായ നിർദേശങ്ങൾ എന്നിവയെല്ലാം ചർച്ചക്ക് വിധേയമാക്കും വിധം വ്യത്യസ്ത ബോധന മാർഗങ്ങൾക്ക് രൂപം നൽകി.

സമ്മേളനത്തിന് മുന്നോടിയായി ഒക്ടോബർ 8ന് കേരള ടീച്ചേഴ്സ് കോൺഫറൻസ്, നവംബർ 11, 12 തീയതികളിൽ പ്രൊഫെയ്സ് - പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ്; ജില്ല, മണ്ഡലം, ശാഖ നേതൃസംഗമങ്ങൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കും. കൂടാതെ, ആത്മീയ ചൂഷണങ്ങൾക്കെതിരെയുള്ള ബോധവത്കരണം, സന്ദേശ പ്രചാരണങ്ങൾ, ഡി അഡിക്ഷൻ ഹെൽപ് ഡെസ്ക്, ലഹരി വിരുദ്ധ ക്യാമ്പയിൻ, മെഡിക്കൽ ക്യാമ്പുകൾ, വനിതാ സംഗമങ്ങൾ, ടോക്ക് ഷോകൾ, ആദർശ സമ്മേളനങ്ങൾ, ഗൃഹ സന്ദർശനങ്ങൾ, സന്ദേശരേഖാ വിതരണം തുടങ്ങി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി സമ്മേളന പ്രഖ്യാപനം നിർവഹിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി എ.എ.ഷുക്കൂർ, ഡി.വൈ.എഫ്.ഐ. കേന്ദ്രകമ്മിറ്റി അംഗം അഡ്വ. ആർ. രാഹുൽ, മുസ്‌ലിം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് അഡ്വ. ഷിബു മീരാൻ, കേന്ദ്ര ആരോഗ്യ സർവകലാശാല സെനറ്റ് അംഗം പ്രവീൺ രാജ്, വിസ്ഡം സംസ്ഥാന നിർവാഹക സമിതി അംഗം അഡ്വ. എ.പി. മുഹമ്മദ് അഷ്റഫ്, വിസ്ഡം സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി എന്നിവർ ആശംസകളർപ്പിച്ചു. വിസ്ഡം സംസ്ഥാന സെക്രട്ടറി സി.പി. സലീം മുഖ്യപ്രഭാഷണം നടത്തി. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ജംഷീർ സ്വലാഹി, സെക്രട്ടറി യു. മുഹമ്മദ് മദനി എന്നിവർ പ്രഭാഷണം നടത്തി. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി സ്വാഗതവും വൈസ് പ്രസിഡന്റ് ഡോ.പി.പി. നസീഫ് നന്ദിയും പറഞ്ഞു.

# മാലിന്യ പ്രശ്ന പരിഹാരം; ഒരു നൈജീരിയൻ മാതൃക

വീടുകളിൽനിന്നും ഹോട്ടലുകളിൽനിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും ദിനേന പറംതള്ളപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ എല്ലാ രാജ്യങ്ങൾക്കും ഒരു വെല്ലുവിളിയാണ്. മാലിന്യങ്ങൾ സംഭരിക്കുക, വേർതിരിക്കുക, സംസ്കരിക്കുക എന്നത് അൽപം പ്രയാസകരമായ കാര്യംതന്നെയാണ്. എന്നാൽ ഇച്ഛാശക്തിയുള്ള ഭരണകൂടത്തിനു മുന്നിൽ അത് അത്രവലിയ കീറാമുട്ടിയൊന്നുമല്ല.

നൈജീരിയയിൽനിന്നും ഈ വിഷയത്തിൽ പുതുമയാർന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. നൈജീരിയയിലെ ലേഗോസിലെ 40 സ്കൂളുകളിലെ, ബാഗും പാഠപുസ്തകങ്ങളുമായി സ്കൂളിലെത്തുന്ന കുട്ടികൾ ഇപ്പോൾ മറ്റൊരു സഞ്ചിയിൽ വീട്ടിലെ ആക്രിസാധനങ്ങളും കരുതുന്നു! വഴിയിൽ തള്ളാനല്ല; സ്കൂൾ ഓഫിസിൽ കൊടുത്ത് രസീതു വാങ്ങാനാണ്.

പഴയ കുപ്പികളും പ്ലാസ്റ്റിക് പാത്രങ്ങളും തുടങ്ങി പുനരുപയോഗിക്കാവുന്ന മാലിന്യങ്ങളാണ് അവിടെ പല സ്കൂളുകളും ഫീസായി വാങ്ങുന്നത്. ഓരോരുത്തരും നൽകുന്ന വസ്തുക്കളുടെ വില ഫീസിനത്തിൽ വകയിരുത്തും. ഫീസ് കൊടുക്കാൻ വഴിയില്ലാതെ പഠനം അവസാനിപ്പിക്കുന്ന കുട്ടികളെ തിരികെ സ്കൂളിലെത്തിക്കുന്നതോടൊപ്പം നാട് മാലിന്യമുക്തമാക്കുക കൂടി ലക്ഷ്യമിട്ട് 'ആഫ്രിക്കൻ ക്ലീൻ അപ് ഇനിഷ്യേറ്റീവ്' എന്ന സംഘടനയാണ് പദ്ധതി ആസൂത്രണം ചെയ്തത്. സ്കൂളുകൾ ശേഖരിക്കുന്ന മാലിന്യം കൈകാര്യം ചെയ്യുന്നത് സംഘടനയാണ്. നിലവിൽ 40 സ്കൂളുകളാണ് പദ്ധതിയുടെ ഭാഗമായി വിദ്യാർഥികളിൽനിന്നു ഫീസായി മാലിന്യം സ്വീകരിക്കുന്നത്.

വിദ്യാർഥികൾ എത്തിക്കുന്ന ആക്രിസാധനങ്ങൾ വിറ്റുകിട്ടുന്ന പണം കുട്ടികളുടെ യുണിഫോം, പുസ്തകങ്ങൾ എന്നിവ വാങ്ങാനും അധ്യാപകർക്ക് ശമ്പളം നൽകാനും ഉപയോഗിക്കുന്നു. കുട്ടികൾ എത്തിക്കുന്ന മാലിന്യങ്ങളിൽനിന്ന് ഇതിനുള്ള തുക കണ്ടെത്താൻ കഴിയുന്നുണ്ടെന്നാണ് സ്കൂളുകളുടെ സാക്ഷ്യം. ഇപ്പോൾ കൂടുതൽ കുട്ടികൾ ക്ലാസുകളിലെത്തുന്നുണ്ട്. ആക്രിസാധനങ്ങൾ വീട്ടിലില്ലാത്തവർ അവ തെരുവിൽനിന്നു ശേഖരിക്കുന്നതിനാൽ തെരുവുകളുംവൃത്തിയാണ്.

'അഭിമാനികളായ' മലയാളികൾക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണിത്. മലയാളിയുടെ ശുചിത്വം ഇപ്പോൾ സ്വന്തം വീടിനും മുറ്റത്തിനും അപ്പുറത്തേക്ക് ഇല്ലെന്നായിരിക്കുന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും മാലിന്യം നിറഞ്ഞിരിക്കുന്നു. തൊഴിൽപരമായ കാരണങ്ങളാൽ നഗരങ്ങളിലേക്കുള്ള കുടിയേറ്റം ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. വർധിച്ച ജനസാന്ദ്രതക്ക് ആനുപാതികമായ സൗകര്യങ്ങൾ നഗരങ്ങളിൽ ഏർപ്പെടുത്താൻ ഭരണകർത്താക്കൾ ശ്രദ്ധിക്കുന്നുമില്ല.

അങ്ങാടികളിൽ, ആശുപത്രി പരിസരങ്ങളിൽ, വഴിയോരങ്ങളിൽ, പുഴകളിൽ, കായലുകളിൽ... എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം മാലിന്യക്കൂമ്പാരങ്ങൾ മാത്രം. ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെങ്കിലും അവർ തങ്ങളുടെ കടമ നിർവഹിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. മാലിന്യങ്ങൾ അഴുകി ദുർഗന്ധം പരത്തുന്നു. പകർച്ചവ്യാധികൾ പെരുകുന്നു.

ശേഖരിക്കുന്ന മാലിന്യങ്ങൾ ഒരിടത്ത് മലപോലെ കൂട്ടിയിടുന്നു. സംസ്കരിക്കുന്നതിൽ ഗുരുതരമായ അലംഭാവം കാട്ടുന്നു. ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരത്തിന് തീപിടിച്ചത് ലക്ഷങ്ങൾ ചെലവഴിച്ച് കുറെ ദിവസങ്ങൾകൊണ്ട് അണക്കാൻ കഴിഞ്ഞെങ്കിലും അതിലെ അഴിമതിയാരോപണത്തിന്റെ തീ ഇപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുകയാണ്.



ലേഖനം

ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 34

# 'വാഗ്ദത്ത പുത്രൻ'

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

ആകാശ വിവാഹത്തിലെ ഭാര്യയിൽ ജനിക്കേണ്ടവനാണ് വാഗ്ദത്ത പുത്രൻ. എങ്കിൽ പിന്നെ ആ പ്രവചനം പുലർന്നോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. എങ്കിലും ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരുപാട് 'വഹ്‌യു'കളും 'ദർശന'ങ്ങളും തദ്കിറയിൽ കാണാം.

1886 ഫെബ്രുവരി 20: "മാന്യനും കാരുണ്യവാനും എല്ലാറ്റിനും കഴിവുള്ളവനും ഉന്നതനും മഹാനുമായ അല്ലാഹു തന്റെ ഇൽഹാമിലൂടെ എന്നെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'നീ എന്നോട് ആവശ്യപ്പെട്ട പ്രകാരം ഞാൻ നിനക്ക് കാരുണ്യത്തിന്റെ ഒരു അടയാളം നൽകുകയാണ്. ഞാൻ നിന്റെ അപേക്ഷകൾ കേൾക്കുകയും പ്രാർഥനകൾ കാരുണ്യപൂർവം സ്വീകരിക്കുകയും ഹോഷിയാർപൂരിൽനിന്ന് ലുധിയാനയിലേക്കുള്ള യാത്ര അനുഗൃഹീതമാക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നിനക്ക് കരുത്തിന്റെയും സാമീപ്യത്തിന്റെയും കാരുണ്യത്തിന്റെയും അടയാളം നൽകുന്നു. നന്മയും ഔദാര്യവും വർഷിക്കുന്ന വിജയസൗഭാഗ്യങ്ങളുടെ താക്കോൽ നിന്നെ ഏൽപിക്കുന്നു."

"മുസഫർ, നിങ്ങൾക്ക് സലാം! ജീവിതം കൊതിക്കുന്നവർ മരണത്തിന്റെ പിടിയിൽനിന്ന് മോചിതരാവാനും ഖബ്റുകളിൽ അടക്കപ്പെട്ടവർ പുറത്തുവരാനും ഇസ്‌ലാം മതത്തിന്റെ മഹത്ത്വവും ദൈവവചനത്തിന്റെ പദവിയും വെളിപ്പെടാനും വേണ്ടിയാണ് ദൈവം ഇപ്രകാരം പറഞ്ഞത്. ജനങ്ങൾക്ക്, എല്ലാ അനുഗ്രഹങ്ങളോടും കൂടി സത്യം വെളിപ്പെടട്ടെ. വരൂ, അസത്യം അതിന്റെ എല്ലാ ദൂഷ്യങ്ങളോടും കൂടി ഓടിപ്പോകും. അങ്ങനെ ഞാൻ ആഗ്രഹിക്കുന്നത് ചെയ്യാൻ എനിക്ക് കഴിയുമെന്ന് ആളുകൾ മനസ്സിലാക്കും. ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് അവർ വിശ്വസിക്കും. ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ മതത്തിലും വിശ്വസിക്കാത്തവർ, അദ്ദേഹത്തിന്റെ വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫയുടെ പുസ്തകത്തെ നിഷേധത്തിന്റെയും കളവാക്കുന്നതിന്റെയും കണ്ണുകളോടെയാണ് വീക്ഷിക്കുന്നത്."

"അതിനാൽ നീതിമാനും വിശുദ്ധനുമായ ഒരു ആൺകുട്ടിയെ നിനക്ക് ലഭിക്കും എന്നത് നിങ്ങൾക്ക് ഒരു സന്തോഷവാർത്തയാകട്ടെ. അവൻ നിന്റെ കുടുംബത്തിലും വംശത്തിലുംനിന്നുള്ള സന്തതിയാകും. വിശുദ്ധനും സുന്ദരനുമായ ഈ ആൺകുട്ടി നിങ്ങളുടെ അതിഥിയാണ്. അവന് ഇമ്മാനുവേൽ എന്നും ബശീർ എന്നും പേരു വിളിക്കുക. അവന് പരിശുദ്ധാത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ മ്ലേഛതയിൽനിന്ന് ശുദ്ധനാണ്; അല്ലാഹുവിന്റെ പ്രകാശമാണ്; ആകാശത്തുനിന്നുള്ള അനുഗ്രഹ

ങ്ങൾക്കുടയവനുമാണ്.”

“അവനോടൊപ്പം വരുന്ന ഔദാര്യമുണ്ട്. അവൻ അന്തസ്സും ആഭിജാത്യവും സമ്പത്തും ഉള്ളവനാണ്.ലോകത്ത് വന്നശേഷം മസീഹി മന്ത്രത്തിലൂടെയും സത്യാത്മാവിലൂടെയും ആളുകളെ രോഗങ്ങളിൽ നിന്ന് സുഖപ്പെടുത്തും. അവൻ അല്ലാഹുവിന്റെ വചനമാണ്. അല്ലാഹു തന്റെ കാരുണ്യവും ശ്രദ്ധയുംമൂലം ബുദ്ധിശക്തിയും വിവേകവും ബാഹ്യാന്തര ജ്ഞാനവും നിറഞ്ഞ ഹൃദയവുമായാണ് അവനെ മഹദ് വചനമായി അയച്ചത്. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ ആശയം മനസ്സിലായിട്ടില്ല).”

“അല്ലാഹുവിന്റെ അനുഗ്രഹവും ഗാംഭീര്യവും പ്രത്യക്ഷപ്പെട്ടുകൊണ്ടായിരിക്കും അവന്റെ അവരോഹണം. അല്ലാഹുവിന്റെ തൃപ്തിയുടെ അത്തർകൊണ്ട് സുരഭിലമായ പ്രകാശമാണ് ഇറങ്ങിവരിക. അവന്റെ ശിരസ്സിന് മേലെ അല്ലാഹുവിന്റെ തണൽ വിരിച്ചിരിക്കും. അവൻ അതിവേഗം വളരും. അവൻ ബന്ധനസ്ഥരുടെ വിമോചനത്തിന് നിമിത്തമാകും. ഭൂമിയുടെ അതിരുകളോളം അവൻ പ്രശസ്തനാവും. സമുദായങ്ങൾ അവനിൽനിന്ന് അനുഗ്രഹം തേടും. സ്വാർത്ഥമോഹങ്ങൾ ആകാശത്തേക്ക് ഉയർത്തപ്പെടും” (പേജ് 109-111).

**സദ്ഗുണ സമ്പന്നൻ**

വീണ്ടും: “നിന്റെ വീട് അനുഗ്രഹങ്ങൾകൊണ്ട് നിറയും. നിന്നിൽ എന്റെ അനുഗ്രഹങ്ങൾ പൂർത്തീകരിക്കും. ഇപ്പോഴും ഇതിനു ശേഷവും നിന്റെ ഭാര്യാപദത്തിൽ വരുന്ന വിശുദ്ധരായ സ്ത്രീരത്നങ്ങളിലൂടെ നിന്റെ സന്താനപരമ്പര വർദ്ധിക്കും. അവരിൽ ചിലർ ചെറുപ്രായത്തിൽതന്നെ മരിക്കുമെങ്കിലും നിന്റെ കുടുംബം പല രാജ്യങ്ങളിലും വ്യാപിക്കും. എന്നാൽ ചില പിതാമഹ-സഹോദര കുടുംബങ്ങൾ, അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അല്ലാഹു ഇറക്കുന്ന ആപത്തുകൾ കാരണം സന്താനരഹിതരായി അവസാനിക്കും. അവരുടെ ചുമരുകളിൽ ദൈവകോപം ഇറങ്ങും. നിനക്ക് ചൊരിയുന്ന അനുഗ്രഹങ്ങളാൽ ജനശൂന്യമായ വീടുകൾ ജനനിബിഡമാകും. ഭയപ്പെടുത്തുന്ന വീടകങ്ങൾ അനുഗ്രഹങ്ങൾകൊണ്ട് നിറയും. നിന്റെ സന്താനപരമ്പര അവസാനകാലംവരെ പച്ചപിടിച്ചു നിൽക്കും. നിന്റെ സന്ദേശം ലോകത്തിന്റെ അതിരുകളോളം വ്യാപിക്കും...

നിന്റെ ശരീരത്തിലും സ്വത്തിലും അനുഗ്രഹങ്ങൾ വർഷിക്കുകയും അവ അധികരിപ്പിക്കുകയും ചെയ്യും. അസൂയാലുക്കളും ശത്രുക്കളുമായ മുസ്‌ലിംകളുടെ മറ്റു ഗ്രൂപ്പുകളിൽനിന്ന് അന്ത്യദിനംവരെ താങ്കൾക്ക് വിജയം നൽകും. അല്ലാഹു അവരെ വിസ്മരിക്കുകയില്ല. ഈ ഭൂമുഖത്തുവച്ച് തന്നെ അവർക്ക് അവൻ പ്രതിഫലം നൽകും. നീ എനിക്കു ഇസ്രായേൽ സന്തതികളിലെ പ്രവാചകന്മാരെപ്പോലെ, അവരുടെ ഛായാസാമ്യത ഉള്ളതുപോലെയാണ്. നീ എന്നിൽനിന്നാണ്; ഞാൻ നിന്നിൽനിന്നും. രാജാക്കന്മാരുടെയും പ്രഭുക്കളുടെയും ഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം ഞാൻ നിക്ഷേപിക്കും. നിന്റെ വസ്ത്രാഞ്ചലത്തിൽനിന്നും അവർ അനുഗ്രഹം തേടും...”(പേജ് 111-112).

വിശദീകരണം ആവശ്യമില്ലാത്ത വിധം, സർവഗുണസമ്പന്നനായ ‘വാഗ്ദത്ത പുത്രന്റെ’ ദിവ്യജനനത്തെ സംബന്ധിച്ച വ്യക്തമായ പ്രവചനമാണിത്. 1856 ജൂൺ എട്ടിന് ഖലീഫ നൂറുദ്ദീന് എഴുതിയ ഒരു കത്ത് വായിക്കാം.

‘ബാഹ്യാന്തര പൂർണനും അതിശക്തനുമായ ഒരു മകൻ ജനിക്കാൻ പോകുന്നു എന്ന് നാലു മാസത്തോളമായി എന്നെ അല്ലാഹു അറിയിച്ചുകൊണ്ടിരിക്കുകയാണ്. അവന് ബശീർ എന്ന് പേരുവിളിക്കും. ഈ ഭാര്യയിൽ തന്നെയാവും അവന്റെ ജന്മമെന്ന് ഞാൻ വിചാരിച്ചു, എങ്കിലും കൂടുതലായി വരുന്ന ഇൽഹാം മറ്റൊരു വിവാഹം കഴിക്കേണ്ടിവരും എന്ന്

20. 02.1886ന് **ആദ്യമായി പ്രവചനം നടത്തുമ്പോൾതന്നെ ഖാദിയാനിയുടെ ഭാര്യ ഗർഭിണിയായിരുന്നു. മെയ് മാസത്തിൽ ഇസ്മത്ത് എന്ന പെൺകുട്ടി ജനിച്ചു. ഒരു ഗർഭകാലം എന്നു പറഞ്ഞത് ഒക്കുന്നെങ്കിൽ ഒക്കട്ടെ എന്നു കരുതിയാണ്! എന്തു സംഭവിച്ചു എന്ന് അറിയാൻ** 1886 **സെപ്റ്റംബർ** 1 **ലെ പരസ്യം കാണുക: “മതഭ്രാന്തുകൊണ്ട് ഹൃദയം തുരുമ്പിച്ച, ദൈവഭയം തീണ്ടിയിട്ടില്ലാത്ത ചില എതിരാളികൾ ഏപ്രിൽ 8ലെ പരസ്യത്തെ ജൂതന്മാരെപ്പോലെ വ്യാഖ്യാനിച്ചുകൊണ്ട് നിഷ്കളങ്കരായ ആളുകളെ വഴികേടിലാക്കാൻ ശ്രമിക്കുകയാണ്. വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന പ്രവചനം പുലർന്നില്ലെന്ന ആക്ഷേപത്തിന് ‘കള്ളം പറയുന്നവർക്ക് ശാപം’ എന്നല്ലാതെ എന്തു മറുപടി പറയാനാണ്!’’**



സൂചന നൽകുന്നു. സൽസ്വഭാവിയും വിശുദ്ധയുമായ ഒരു സ്ത്രീയെ വിവാഹം കഴിക്കുമെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അവൾ ഏറെ സന്താനങ്ങളെ നൽകും.'

'ഇതോടൊപ്പം ഒരു ജാഗ്രദ് ദർശനത്തിൽ നാലു പഴങ്ങൾ എനിക്ക് നൽകി. മൂന്നു മാങ്ങയും ഒരു പച്ച നിറത്തിലുള്ള പഴവും. ലോകത്തുള്ള ഒരു പഴത്തോടും സാമ്യതയില്ലാത്ത ആ പഴമാണ് അനുഗൃഹീത വാഗ്ദത്ത പുത്രനോട് സമീകരിച്ചിട്ടുള്ളത് എന്ന് എന്റെ ഹൃദയത്തിലേക്ക് ഇട്ടുതന്നു"(പേജ് 112-113).

**അതിശയൻ!**

1886 മാർച്ച് 22ന് അദ്ദേഹം ഒരു പരസ്യം പ്രസിദ്ധീകരിച്ചു: "ഖാദിയാനിലെ രണ്ടു പേർ, ഹാഫിസ് സുൽത്താൻ കശ്മീരിയും സാബിർ അലിയും, എന്റെ വീട്ടിൽ ഒന്നര മാസം മുമ്പുതന്നെ ഒരാൺകുട്ടി ജനിച്ചിട്ടുണ്ടെന്ന് പറഞ്ഞുനടക്കുന്നുണ്ട്. ഈ കൊടിയ വ്യാജപ്രചരണത്തിലൂടെ അവർ എന്നെ മാത്രമല്ല മുസ്‌ലിംകളെയാകമാനം നിന്ദിക്കുകയാണ് ചെയ്യുന്നത്. എന്റെ വീട്ടിൽ ഇന്നുവരെ (1886 മാർച്ച് 22) ഇരുപതും ഇരുപത്തിരണ്ടും വയസ്സായ രണ്ട് പുത്രന്മാരൊഴികെ ഒരുകുട്ടിയും ജനിച്ചിട്ടില്ല. എന്നാൽ ദിവ്യവാഗ്ദാനത്തിലുള്ള പരിശുദ്ധപുത്രൻ ഒമ്പതുവർഷങ്ങൾക്കകം ജനിക്കുകതന്നെ ചെയ്യും. ചിലപ്പോൾ നേരത്തെയാവാം. ഏതായാലും ഈ കാലയളവിനുള്ളിൽ ഇതു സംഭവിക്കുകതന്നെ ചെയ്യും. എന്റെ ഭാര്യ അമ്പാല ഛാഉനിയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുകയാണിപ്പോൾ. ഈ കുപ്രചാരണത്തിന്റെ യാഥാർഥ്യമറിയാനായി അവിടെ പോയിവരാനുള്ള യാത്രാ ചെലവ് ആർക്കും നൽകാൻ ഞാൻ തയ്യാറാണ്...'

'എന്റേത് വെറുമൊരു പ്രവചനമല്ല; മഹത്തായ ദിവ്യാടയാളമാണ്, മുഹമ്മദ്(സ്വ)യുടെ സത്യവും മഹത്ത്വവും വെളിപ്പെടുത്തുകയാണ് ഉദാരമതിയായ അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതാകട്ടെ മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കാൾ പതിന്മടങ്ങ് ശ്രേഷ്ഠവും മഹത്തരവും സമ്പൂർണവുമാണ്. മസീഹും ചില പ്രവാചകരും അങ്ങനെ ചെയ്തതായി ബൈബിളിൽ പരാമർശിക്കുന്നുണ്ട്. അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ട് ദേഹംവിട്ട ദേഹിയെ തിരിച്ചുകൊണ്ടുവരികയാണ് അവിടെ സംഭവിക്കുന്നത്. അതാകട്ടെ അൽപ സമയത്തേക്കു മാത്രമെ സംഭവിക്കുകയുള്ളൂ എന്നാക്ഷേപിക്കപ്പെടാനും സാധ്യതയുണ്ട്. അപ്രകാരം അയാൾ വളരെക്കാലം ജീവിച്ചിരുന്നാൽത്തന്നെ സാധാരണ ആത്മാവും പേറി അവനിവിടെ മാനുഷ്യകത്തിനു വേണ്ടി ഏത് ചെയ്യാൻ കഴിയും? അവർ ജീവിക്കുന്നതും മരിക്കുന്നതും സമമാണ്. പക്ഷേ, ഇവിടെ 'ഖാതമുൽ അമ്പിയാഅ്' ആയ തിരുനബി(സ്വ)യുടെ ബറകത്തുകൊണ്ട് ഉദാരനായ അല്ലാഹുവിനോട് പ്രാർഥിച്ചതിന്റെ ഫലമായി, അത്യുന്നതവും അതിമഹത്തരവുമായ ഒരു ദിവ്യാത്മാവിനെ അയക്കാമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അവന്റെ ആന്തരികവും ബാഹ്യവുമായ അനുഗ്രഹങ്ങൾ ലോകമെങ്ങും ചൊരിയപ്പെടും' (മജ്മൂഅ ഇശ്തിഹാറാത്, പേജ് 114, 15).

ഈസാ നബി(അ)യുടെ അമാനുഷികതയെ ഇകഴ്ത്തിക്കാണിക്കാനുള്ള ശ്രമമാണ് ഖാദിയാനീ മസീഹിന്റേത്. അത് വളരെ നിസ്സാരവും ഉപയോഗരഹിതവുമാണെന്നും പ്രത്യുത, തന്റെ പുത്രൻ അദ്ദേഹത്തെക്കാൾ ഉന്നതനും ഉപകാരിയുമാണെന്നും സമർഥിക്കുകയാണയാൾ.

**അഴകൊഴമ്പൻ!**

ഏപ്രിൽ 8ന് മിർസാ ഖാദിയാനി വീണ്ടും പരസ്യം ചെയ്തു: "1886 മാർച്ച് 22ലെ പരസ്യത്തിൽ ഒമ്പത് വർഷത്തിനുള്ളിൽ പുത്രൻ ജനിക്കുമെന്ന് പറഞ്ഞതിനെപ്പറ്റി, അത് സ്വാഭാവികം മാത്രമാണെന്ന് ഇന്ദ്രമൻ മുറാദാബാദിയെപ്പോലെയുള്ള ചിലർ ആക്ഷേപിക്കുകയുണ്ടായി. എന്നാൽ ഒമ്പത് വർഷത്തിനുശേഷവും അതിൽ പറയപ്പെട്ട മഹത്ത്വവും ഗുണങ്ങളും വ്യത്യാസപ്പെടാതെ നിലനിൽക്കുകയെന്നത് മഹത്തായ കാര്യം തന്നെയാണ്..."

"ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരണത്തിനായി അല്ലാഹുവിനോടപേക്ഷിച്ചപ്പോൾ ഇന്ന് (8.4.1886) അല്ലാഹു അറിയിച്ചിരിക്കുന്നു: 'ഉടനെത്തന്നെ ഒരാൺകുട്ടി ജനിക്കും. ഒരു ഗർഭകാലയളവിൽ അധികരിക്കയില്ല.' ഒരാൺകുട്ടി ഉടനെ ജനിക്കുമെന്നുതന്നെയാണ് സൂചന. അല്ലെങ്കിൽ അടുത്ത ഗർഭ

**"മതഭ്രാന്തുകൊണ്ട് ഹൃദയം തുരുമ്പിച്ച, ദൈവഭയം തീണ്ടിയിട്ടില്ലാത്ത ചില എതിരാളികൾ ഏപ്രിൽ 8ലെ പരസ്യത്തെ ജൂതന്മാരെപ്പോലെ വ്യാഖ്യാനിച്ചുകൊണ്ട് നിഷ്കളങ്കരായ ആളുകളെ വഴികേടിലാക്കാൻ ശ്രമിക്കുകയാണ്. വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന പ്രവചനം പുലർന്നില്ലെന്ന ആക്ഷേപത്തിന് 'കള്ളം പറയുന്നവർക്ക് ശാപം' എന്നല്ലാതെ എന്തു മറുപടി പറയാനാണ്!''**
**"13.6.1886 ന് ലാഹോറിലെ ഒരു റെയിൽവേ എക്സാമിനറായ നബി ബക്ഷ് എനിക്കെഴുതി: "താങ്കളുടെ പ്രവചനം അസത്യമായി പുലർന്നു. ഒരു പെൺകുട്ടിയാണ് താങ്കൾക്ക് ജനിച്ചത്. താങ്കൾ കള്ളപ്രവാചകനും വഞ്ചകനുമാണ്. ഈ കുരുടന്മാർക്ക് കാഴ്ചയും മണ്ടന്മാർക്ക് സദ്ബുദ്ധിയും ലഭിക്കാനായി പ്രാർഥിക്കുക മാത്രമെ നമുക്ക് ചെയ്യാനുള്ളൂ...''**

ത്തിൽ തീർച്ചയായും ആൺകുട്ടി ജനിക്കും. എന്നാൽ ഉടനെ ജനിക്കുന്ന കുട്ടി വാഗ്ദത്തപുത്രൻതന്നെയാവുമോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ചിലപ്പോൾ ഒമ്പത് വർഷങ്ങൾക്കകം എപ്പോഴുമാവാം. പിന്നീടുണ്ടായ ഒരു 'ഇൽഹാമിൽ,' 'വരാനിരിക്കുന്നവൻ ഇവൻ തന്നെ, അല്ലെങ്കിൽ വീണ്ടും പ്രതീക്ഷിക്കുക' എന്ന് കാണുന്നു. ഉഗ്രപ്രതാപിയായ ദൈവത്തിന്റെ നിസ്സാരനായ അടിമ മാത്രമാണ് ഈ വിനീതൻ. അല്ലാഹു അറിയിക്കുന്നതെല്ലാം പ്രസിദ്ധീകരിക്കുന്നു എന്ന് മാത്രം. അപ്പപ്പോഴുണ്ടാവുന്ന ഇൽഹാമുകൾ തുടർന്നും പ്രസിദ്ധീക്കുന്നതാണ്" (അതേ പുസ്തകം; വാല്യം 1, പേജ് 116,117).

ഈ പരസ്യം വായിക്കുന്നവർക്ക് എന്താണ് മനസ്സിലാവുക? 20.02.1886ന് ആദ്യമായി പ്രവചനം നടത്തുമ്പോൾതന്നെ ഖാദിയാനിയുടെ ഭാര്യ ഗർഭിണിയായിരുന്നു. മെയ് മാസത്തിൽ ഇസ്മത്ത് എന്ന പെൺകുട്ടി ജനിച്ചു. ഒരു ഗർഭകാലം എന്നു പറഞ്ഞത് ഒക്കുന്നെങ്കിൽ ഒക്കട്ടെ എന്നു കരുതിയാണ്! എന്തു സംഭവിച്ചു എന്ന് അറിയാൻ 1886 സെപ്റ്റംബർ 1 ലെ പരസ്യം കാണുക:

"മതഭ്രാന്തുകൊണ്ട് ഹൃദയം തുരുമ്പിച്ച, ദൈവഭയം തീണ്ടിയിട്ടില്ലാത്ത ചില എതിരാളികൾ ഏപ്രിൽ 8ലെ പരസ്യത്തെ ജൂതന്മാരെപ്പോലെ വ്യാഖ്യാനിച്ചുകൊണ്ട് നിഷ്കളങ്കരായ ആളുകളെ വഴികേടിലാക്കാൻ ശ്രമിക്കുകയാണ്. വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന പ്രവചനം പുലർന്നില്ലെന്ന ആക്ഷേപത്തിന് 'കള്ളം പറയുന്നവർക്ക് ശാപം' എന്നല്ലാതെ എന്തു മറുപടി പറയാനാണ്!"

"13.6.1886ന് ലാഹോറിലെ ഒരു റെയിൽവേ എക്സാമിനറായ നബി ബക്ഷ് എനിക്കെഴുതി: "താങ്കളുടെ പ്രവചനം അസത്യമായി പുലർന്നു. ഒരു പെൺകുട്ടിയാണ് താങ്കൾക്ക് ജനിച്ചത്. താങ്കൾ കള്ളപ്രവാചകനും വഞ്ചകനുമാണ്. ഈ കുരുടന്മാർക്ക് കാഴ്ചയും മണ്ടന്മാർക്ക് സദ്ബുദ്ധിയും ലഭിക്കാനായി പ്രാർഥിക്കുക മാത്രമെ നമുക്ക് ചെയ്യാനുള്ളൂ..."

"ഇതേ ഗർഭത്തിൽത്തന്നെ ആൺകുട്ടി ജനിക്കുമെന്ന് എന്റെ പ്രവചനത്തിൽ എവിടെയാണ് പറഞ്ഞിട്ടുള്ളത്? 1886 ഏപ്രിൽ 8ലെ പരസ്യത്തിൽ 'ഗർഭകാലയളവിൽ' എന്നേ പറഞ്ഞിട്ടുള്ളൂ. നിലവിലുള്ള ഗർഭത്തിൽ എന്ന് പറയുന്നില്ല. പ്രസ്തുത വാക്യത്തിൽ 'ഈ' എന്നുണ്ടായിരുന്നാൽ പോലും ആക്ഷേപിക്കേണ്ട കാര്യമില്ല. ഇൽഹാമിലാകട്ടെ അങ്ങനെ പറയുന്നുമില്ല. വിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അഭാവം കൊണ്ടാണ് ഇത്തരം ആക്ഷേപങ്ങളുന്നയിക്കുന്നത്. ബുദ്ധിയും വിവേകവുമുള്ളവർ കാര്യകാരണബന്ധങ്ങളുള്ള സോപാധിക വാക്യങ്ങളെ വേണ്ടവിധം മനസ്സിലാക്കും" (അതേ പുസ്തകം; വാല്യം 1, പേജ് 125,126,131).

പെൺകുട്ടി ജനിച്ചതിനെപ്പറ്റി 'സുറുമയെ ചശ്മയെ ആര്യ'യിൽ മിർസാ ഖാദിയാനിയുടെ വിശദീകരണം കാണുക: "അല്ലാഹു ഇപ്പോൾ ഒരു ആൺകുട്ടിയെ തരാതിരുന്നതിൽ തന്ത്രവും ഗുണവും അടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഒരു ആൺകുട്ടിയാണ് ജനിച്ചിരുന്നതെങ്കിൽ ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് മുൻകൂട്ടി നിർണയിക്കാൻ കഴിയുമെന്ന് പറയുന്നവരിൽ യാതൊരു പ്രതികരണവും ഉണ്ടാകുമായിരുന്നില്ല. ലേഖ്റാമും മറ്റുചിലരും പറയുന്നപോലെ എനിക്ക് വൈദ്യശാസ്ത്രത്തിലുള്ള പ്രാവീണ്യത്താൽ മുൻകൂട്ടി അറിയുന്നതുകൊണ്ടാണ് ആൺകുട്ടി ജനിക്കുമെന്ന് പ്രവചിച്ചതെന്ന ആക്ഷേപം നിലനിൽക്കും."



"അതേപോലെ മുഹമ്മദ് റമദാൻ എന്നൊരാൾ 1886 മാർച്ച് 20ന് പഞ്ചാബി അഖ്ബാറിൽ എഴുതി: 'പുത്രനുണ്ടാകുമെന്ന പ്രവചനം ദൈവദത്തമാകണമെന്നില്ല. അരിസ്റ്റോട്ടിലിന്റെ ഗ്രന്ഥങ്ങൾ വായിച്ചവർക്ക് ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് നിശ്ചയിക്കാൻ കഴിയും."

"എന്റെ മുസ്‌ലിം എതിരാളികളുടെ അഭിപ്രായത്തിൽ പ്രവചനത്തിന്റെ രണ്ടര മാസംമുമ്പേ ആൺകുട്ടി ജനിച്ചുവെന്നും അത് രഹസ്യമാക്കി വച്ചുവെന്നുമാണ്. അതുകൊണ്ട് അല്ലാഹു വാഗ്ദത്തപുത്രന്റെ ജനനം മറ്റൊരവസരത്തിലേക്ക് മാറ്റിവച്ചത് ഏതായാലും നന്നായി. ഇപ്പോൾതന്നെ ജനിച്ചിരുന്നുവെങ്കിൽ ഈ പറഞ്ഞ ആക്ഷേപങ്ങൾക്ക് എങ്ങനെ മറുപടി പറയും?"

"ഇപ്പോൾ വാഗ്ദത്തപുത്രന്റെ ജനനം ദൈവിക സുവിശേഷമാണെന്നുതന്നെ തെളിഞ്ഞു. ഗർഭസ്ഥശിശുവിനെക്കുറിച്ച് അറിയാനുള്ള അരിസ്റ്റോട്ടിലിന്റെയും ജാലിനോസിന്റെയും നിയമങ്ങൾ സമർപ്പിക്കേണ്ടതില്ല. കുഞ്ഞിനെ ഒളിപ്പിച്ചുവച്ചിട്ടുണ്ടെന്ന ആക്ഷേപത്തിനും പഴുതില്ല. ഒമ്പതുകൊല്ലം താൻ ജീവിച്ചിരിക്കുമെന്നുതന്നെ നിശ്ചയമില്ലാതിരിക്കെ, ഒരു പുത്രൻ ജനിക്കുമെന്ന് എങ്ങനെ ഉറപ്പിച്ചു പറയാനാവും?" (പേജ് 317).

*(തുടരും)*

# നബിദിനാഘോഷം: ബിദഈ ഫാക്ടറികളിൽ നിർമിച്ച 'തെളിവുകൾ' അപര്യാപ്തം തന്നെ!

**അബ്ദുൽ മാലിക് സലഫി**
: 96565 30656

**സ്വന്തത്തെക്കാൾ മറ്റൊരാളെ ഇഷ്ടപ്പെടുക എന്നത് സ്നേഹാതിരേകത്തിന്റെ പരമകാഷ്ഠയാണ്. അന്ത്യപ്രവാചകനോടുള്ള അനുചരന്മാരുടെയും പിൽക്കാലക്കാരുടെയും സ്നേഹവും ബഹുമാനവും ഈ ഗണത്തിൽപെട്ടതാണ്. എന്നാൽ, മറ്റേത് രംഗത്തുമെന്ന പോലെ ഇസ്‌ലാമിക നിർദേശങ്ങൾ പാലിക്കാതിരുന്നാൽ അത് പ്രഹസനവും ശിക്ഷാർഹവുമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. നിർഭാഗ്യവശാൽ, ഇന്ന് നബിസ്നേഹത്തിന്റെ പേരിൽ നടക്കുന്ന പല കോപ്രായങ്ങളുടെയും സ്ഥിതി ഇതാണ്.**

വിശ്വാസികൾക്ക് സൃഷ്ടികളിൽ ഏറ്റവും പ്രിയപ്പെട്ടത് തിരുനബി(സ്വ) തന്നെയാണ്. തിരുദൂതരോടുള്ള പ്രിയം വിശ്വാസത്തിന്റെ അനിവാര്യതയുമാണ്. ഇതര ഭൗതിക കാര്യങ്ങളെക്കാൾ പ്രസ്തുത പ്രിയം എത്തിച്ചേരുമ്പോഴാണ് വിശ്വാസത്തിന്റെ വഴിയിൽ പ്രവേശിക്കാനാവുക.

തന്റെ ശരീരം കഴിഞ്ഞാൽ എനിക്ക് ഇഷ്ടം തിരുനബിയോട് തന്നെ എന്ന് പറഞ്ഞ ഉമർ(റ)വിനെ പുണ്യ നബി(സ്വ) തിരുത്തിയത് 'താങ്കളുടെ ശരീരത്തെക്കാളും ഞാൻ താങ്കൾക്ക് പ്രിയപ്പെട്ടവനാവണം' എന്ന് ബോധിപ്പിച്ചാണ് .

വിശുദ്ധ ക്വുർആൻ അതിങ്ങനെയാണ് സംഗ്രഹിച്ചിട്ടുള്ളത്: "(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രൻമാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള പോരാട്ടത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല" (തൗബ: 24).

വിശ്വാസികൾക്ക് സൃഷ്ടികളിൽ ഏറ്റവും പ്രിയപ്പെട്ടത് തിരുനബി(സ്വ) തന്നെയാണ്. തിരുദൂതരോടുള്ള പ്രിയം വിശ്വാസത്തിന്റെ അനിവാര്യതയുമാണ്. ഇതര ഭൗതിക കാര്യങ്ങളെക്കാൾ പ്രസ്തുത പ്രിയം എത്തിച്ചേരുമ്പോഴാണ് വിശ്വാസത്തിന്റെ വഴിയിൽ പ്രവേശിക്കാനാവുക.



ഓരോ നിമിഷത്തിലും നബിസ്നേഹത്തിന്റെ ചൂട് വിശ്വാസിയിൽ നിലനിൽക്കണം. നബിസ്നേഹം ഇല്ലാതാകുന്ന നിമിഷം അയാൾ ഇസ്‌ലാമിന്റെ പുറത്ത് എത്തിച്ചേരുന്നു.

### നബിസ്നേഹത്തിന്റെ ലാഭങ്ങൾ

അതിരുകളില്ലാത്ത അനുഗ്രഹങ്ങളാണ് നബിസ്നേഹത്തിലൂടെ വിശ്വാസികൾക്ക് ലഭിക്കുന്നത്. റബ്ബിന്റെ സ്നേഹവും അവന്റെ സ്വർഗവും തന്നെയാണ് അതിൽ മികച്ചത്.അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ആലു ഇംറാൻ: 31).

വിശ്വാസത്തിന്റെ ആസ്വാദനമാണ് മറ്റൊന്ന്. മൂന്ന് കാര്യങ്ങൾ ഒരാളിൽ ഉണ്ടായാൽ അവന് വിശ്വാസത്തിന്റെ രുചി ആസ്വദിക്കാനാവും എന്ന് നബി(സ്വ) പറഞ്ഞതിൽ ഒന്ന് 'അല്ലാഹുവും അവന്റെ റസൂലും മറ്റെന്തിനെക്കാളും അവന് പ്രിയമുള്ളതാവുക' എന്നതാണ് (ബുഖാരി). തിരുനബി(സ്വ)യോടൊപ്പമുള്ള സ്വർഗവാസമാണ് മറ്റൊന്ന്. എപ്പോളാണ് അന്ത്യദിനം എന്ന് ചോദിച്ച ഒരു സ്വഹാബിയോട് തിരുദൂതർ ചോദിച്ചു: 'നീ എന്താണ് അതിനുവേണ്ടി ഒരുക്കിയിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോടും നബിയോടുമുള്ള ഇഷ്ടം തന്നെ!' നബി (സ്വ) പറഞ്ഞു: 'എങ്കിൽ നീ ഇഷ്ടപ്പെട്ടവരുടെ കൂടെ തന്നെ!' (മുസ്‌ലിം: 2639).

**മക്കാവിജയ ദിനം; സൈനിക നടപടികൾ എല്ലാം അവസാനിച്ചു. പക്ഷേ, അൻസ്വാരികളുടെ ഹൃദയങ്ങൾ അസാധാരണമായി മിടിക്കുന്നു! കാരണമെന്താണെന്നോ? തിരുനബി(സ)യുടെ ജന്മനാട്ടിലേക്ക് അവിടുന്ന് തിരിച്ചെത്തിയിരിക്കുന്നു! ഇവിടെ ഇപ്പോൾ എല്ലാം ശാന്തമാണ്. ഇനി മദീനയിലേക്ക് മടങ്ങാതെ തിരുദൂതർ ഇവിടെത്തന്നെ നിൽക്കുമോ എന്ന തോന്നലാണവരുടെ ഹൃദയമിടിപ്പ് കൂടാൻ കാരണമായത്! തിരുമുഖം നഷ്ടമാവുമോ എന്ന ഹൃദയവേദന അവർക്ക് അസഹനീയംതന്നെയായിരുന്നു. ഇതറിഞ്ഞ തിരുദൂതർ (സ്വ) പറഞ്ഞു: "നിങ്ങളുടെ അടുക്കലാണ് എന്റെ ജീവിതം, മരണവും അവിടെത്തന്നെ!'' അവർ കരഞ്ഞു! (മുസ്‌ലിം:1405).**


### നബി സ്നേഹത്തിന്റെ അടയാളങ്ങൾ

റസൂലിന്റെ തിരുമുഖം ദർശിക്കാനുള്ള കൊതിയും ആശയും നബിസ്നേഹത്തിന്റെ ബാഹ്യാടയാളങ്ങളിൽ പ്രധാനമാണ്. ഹിജ്റയിൽ തിരുദുതരുടെ കൂടെ യാത്രക്ക് അവസരമൊരുങ്ങിയത് അറിഞ്ഞപ്പോൾ അബൂബക്റി(റ)ന്റെ നയനങ്ങളിൽനിന്ന് ഉതിർന്നു വീണ സന്തോഷക്കണ്ണീർ ഇതാണ് പറയുന്നത്. ആഇശ(റ) പറയുന്നു: 'അബൂബക്ർ(റ) കരയുകയായിരുന്നു! സന്തോഷം മൂലം ഒരാൾ കരയുമെന്ന് ഞാൻ ധരിച്ചിരുന്നില്ല' (ഫത്ഹുൽ ബാരി 7/235).

ഹിജ്റ വരുന്ന പുണ്യനബിയെ വരവേൽക്കാൻ അൻസ്വാരികൾ കാണിച്ച വെമ്പൽ ആ തിരുമുഖം ഒന്ന് കാണാൻ വേണ്ടിത്തന്നെയായിരുന്നു. ദിനങ്ങൾ നീണ്ടു നിന്ന കാത്തിരിപ്പിനൊടുവിൽ തനബി(സ്വ) യുടെ പൂമുഖം മദീനയുടെ ഓരത്തവർ ദർശിച്ചപ്പോൾ അവരുടെ മുഖത്ത് വിരിഞ്ഞ ആനന്ദത്തിന്റെ തെളിച്ചം മദീനയിലെ മണലുകളെ തിളക്കമുള്ളതാക്കിയിരുന്നു!

മക്കാവിജയ ദിനം; സൈനിക നടപടികൾ എല്ലാം അവസാനിച്ചു. പക്ഷേ, അൻസ്വാരികളുടെ ഹൃദയങ്ങൾ അസാധാരണമായി മിടിക്കുന്നു! കാരണമെന്താണെന്നോ? തിരുനബി(സ)യുടെ ജന്മനാട്ടിലേക്ക് അവിടുന്ന് തിരിച്ചെത്തിയിരിക്കുന്നു! ഇവിടെ ഇപ്പോൾ എല്ലാം ശാന്തമാണ്. ഇനി മദീനയിലേക്ക് മടങ്ങാതെ തിരുദൂതർ ഇവിടെത്തന്നെ നിൽക്കുമോ എന്ന തോന്നലാണവരുടെ ഹൃദയമിടിപ്പ് കൂടാൻ കാരണമായത്! തിരുമുഖം നഷ്ടമാവുമോ എന്ന ഹൃദയവേദന അവർക്ക് അസഹനീയംതന്നെയായിരുന്നു. ഇതറിഞ്ഞ തിരുദൂതർ (സ്വ) പറഞ്ഞു: "നിങ്ങളുടെ അടുക്കലാണ് എന്റെ ജീവിതം, മരണവും അവിടെത്തന്നെ!" അവർ കരഞ്ഞു! (മുസ്‌ലിം:1405).

'എന്റെ മരണശേഷം എനിക്ക് താങ്കളെ കാണാൻ കഴിയില്ലല്ലോ നബിയേ' എന്ന പരാതിയുമായി തിരുസന്നിധിയിലെത്തിയ സ്വഹാബിക്കും ഉള്ള ആധി തിരുമുഖം നഷ്ടപ്പെടുമല്ലോ എന്നതാണ്.



**തിരുനബിയുടെ സുന്നത്തുകളെ ജീവിതചര്യയാക്കി മാറ്റുന്നതിലൂടെയും നബിസ്നേഹത്തിന്റെ അടയാളങ്ങൾ നമുക്ക് വായിക്കാനാവും. ശരീരം, വസ്ത്രം, പെരുമാറ്റം, ഇടപാടുകൾ, സംസാരം, ജീവിത ചുറ്റുപാടുകൾ എന്നിവയിലെല്ലാം നബിസുന്നത്തിന്റെ സാന്നിധ്യം ഉണ്ടാവുമ്പോഴാണ് സ്നേഹത്തിന്റെ ബാഹ്യതലവും സുന്ദരമാവുക.**

സ്വർഗത്തിൽ നിങ്ങളുടെ കൂടെയുണ്ടാവണം എന്ന ആവശ്യവുമായി നബി(സ്വ)യുടെ അടുക്കലെത്തിയ റബീഅ(റ)ക്കും ആഗ്രഹവും മറിച്ചായിരുന്നില്ല; നബി(സ്വ)യെ എപ്പോഴും കണ്ടുകൊണ്ടിരിക്കണം. ഒരു വിശ്വാസി എപ്പോഴും കൊതിക്കേണ്ട ഒന്നാണിത്.

യുദ്ധവേളകളിൽ തിരുശരീരത്തെ സംരക്ഷിക്കാൻ വേണ്ടി സ്വശരീരങ്ങൾകൊണ്ട് ശത്രുവിന്റെ അമ്പുകളെ തടുത്തതും ഈ സ്നേഹത്തിന്റെ അടയാളം തന്നെ! തിരുദൂതരുടെ കൽപനകൾക്ക് വിധേയപ്പെടാനുള്ള വേഗതയും സ്നേഹത്തിന്റെ അടയാളമാണ്!

കിബ്‌ല മാറ്റം അറിഞ്ഞവേളയിൽ നമസ്കാരത്തിനിടയിൽതന്നെ റബ്ബിന്റെ നിർദേശം വന്നേടത്തേക്ക് മുഖം തിരിക്കാൻ സ്വഹാബിമാർ കാണിച്ച ധൃതി ഇതിന് ഉദാഹരിക്കാവുന്ന ഒന്നു മാത്രം!

അങ്ങാടിയിൽ സ്ത്രീകളും പുരുഷന്മാരും ഇടകലരുന്ന അവസ്ഥ ഒരിക്കൽ ഉണ്ടായപ്പോൾ, സ്ത്രീകളോട് വഴിയുടെ ഓരം ചേർന്ന് നടക്കാൻ തിരുദൂതർ (സ്വ) കൽപന നൽകി. ഇതു കേട്ട സ്വഹാബാവനിതകൾ മതിലിനോട് തൊട്ടുരുമ്മിയാണ് പിന്നീട് നടന്നിരുന്നത്! അവരുടെ വസ്ത്രം പലപ്പോഴും മതിലിൽ കൊളുത്തുന്ന അവസ്ഥവരെ ഉണ്ടായി (അബൂദാവൂദ്: 4392).

തിരുനിർദേശങ്ങൾ അക്ഷരം പ്രതി ജീവിതത്തിൽ പാലിക്കാൻ അവർ കാണിച്ച ധൃതി അതുല്യം തന്നെ!

തിരുനബിയുടെ സുന്നത്തുക

ളെ ജീവിതചര്യയാക്കി മാറ്റുന്നതിലൂടെയും നബിസ്നേഹത്തിന്റെ അടയാളങ്ങൾ നമുക്ക് വായിക്കാനാവും. ശരീരം, വസ്ത്രം, പെരുമാറ്റം, ഇടപാടുകൾ, സംസാരം, ജീവിത ചുറ്റുപാടുകൾ എന്നിവയിലെല്ലാം നബിസുന്നത്തിന്റെ സാന്നിധ്യം ഉണ്ടാവുമ്പോഴാണ് സ്നേഹത്തിന്റെ ബാഹ്യതലവും സുന്ദരമാവുക.

പുതുമകൾ ആവശ്യമില്ലാത്തവിധം പൂർത്തീകരിക്കപ്പെട്ട പരിശുദ്ധമതത്തിന്റെ അതിരുകൾ തള്ളി ത്തുറന്ന് മതത്തിന്റെ സുന്ദര ഭൂവിൽ ബിദ്അത്തുകൾ നട്ടുമുളപ്പിക്കാൻ ശ്രമിക്കുന്ന പുത്തനാശയക്കാരെ പ്രതിരോധിക്കുന്നതും തിരുസ്നേഹത്തിന്റെ അടയാളമാണ്. സകാത്ത് തടഞ്ഞവരോട് അബൂബക്ർ(റ) നടത്തിയ യുദ്ധവും ഖവാരിജുകളോട് അലി(റ) നടത്തിയ പോരാട്ടവും ഈ രംഗത്തെ പൂർവ മാതൃകകളാണ്.

പുണ്യത്തിന്റെ പുതപ്പു പുതച്ച് പുത്തനാശയങ്ങളും ആചാരങ്ങളും ഒളിച്ചുകടത്തുന്ന നുഴഞ്ഞുകയറ്റക്കാർ തന്നെയാണ് ബിദഇകൾ! തിരുസ്നേഹത്തിന്റെ വക്താക്കൾക്ക് ഇവരെ പ്രതിരോധിക്കൽ ബാധ്യതയാണെന്നതിൽ സംശയമില്ല.

**പുത്തനാചാരങ്ങൾ പടിക്കു പുറത്തുതന്നെ!**

ഇരുപത്തിമൂന്ന് ഹിജ്റ വർഷങ്ങളിലെ രാപ്പകലുകളെ സാക്ഷിയാക്കി റബ്ബ് പൂർത്തിയാക്കി തൃപ്തിപ്പെട്ട് കൈമാറി, തിരുദൂതർ ബോധനം നടത്തിയ പരിശുദ്ധ ദീനാണ് ഇസ്‌ലാം. അതിലേക്കിനി പുതിയത് ആവശ്യമില്ല. എന്തുകൊണ്ട് എന്ന മറു ചോദ്യത്തിനുള്ള ഉത്തരം വ്യക്തമാണ്. മതത്തിൽ എന്തുണ്ടാവണം, എന്തുണ്ടാവരുത് എന്ന് തീരുമാനിക്കാനുള്ള അധികാരം അല്ലാഹുവിന് മാത്രമേയുള്ളൂ.

അല്ലാഹു പറഞ്ഞു: "നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (അഹ്സാബ് 2).

നബി(സ്വ) പോലും മതനിയമങ്ങൾ നിർമിച്ചിട്ടില്ല; പ്രത്യുത മതനിയമങ്ങൾ എത്തിക്കുകയാണ് ചെയ്തത്. അല്ലാഹു പറഞ്ഞു: "ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല" (മാഇദ 67).

ആരാധനകളുടെ രീതി, എണ്ണം, സമയം, രൂപം, നിബന്ധനകൾ, ലക്ഷ്യം എന്നിവയെല്ലാം റബ്ബാണ് തീരുമാനിച്ചത്. കഅ്ബയുടെ മുറ്റത്തുവച്ചും ബൈതുൽ മുക്ദിസിലേക്ക് തിരിഞ്ഞ് തിരുദൂതർ നമസ്കരിച്ചത് ഇക്കാരണം കൊണ്ട് മാത്രമാണ്. അതാണ് മതം പഠിപ്പിക്കാത്ത പുത്തൻ ആശയങ്ങൾ പടിക്കുപുറത്താണ് എന്ന് പറയുന്നതിന്റെ പ്രഥമ കാരണം.

**പുതുമകൾ ആവശ്യമില്ലാത്തവിധം പൂർത്തീകരിക്കപ്പെട്ട പരിശുദ്ധമതത്തിന്റെ അതിരുകൾ തള്ളിത്തുറന്ന് മതത്തിന്റെ സുന്ദര ഭൂവിൽ ബിദ്അത്തുകൾ നട്ടുമുളപ്പിക്കാൻ ശ്രമിക്കുന്ന പുത്തനാശയക്കാരെ പ്രതിരോധിക്കുന്നതും തിരുസ്നേഹത്തിന്റെ അടയാളമാണ്. സകാത്ത് തടഞ്ഞവരോട് അബൂബക്ർ(റ) നടത്തിയ യുദ്ധവും ഖവാരിജുകളോട് അലി(റ) നടത്തിയ പോരാട്ടവും ഈ രംഗത്തെ പൂർവ മാതൃകകളാണ്. പുണ്യത്തിന്റെ പുതപ്പു പുതച്ച് പുത്തനാശയങ്ങളും ആചാരങ്ങളും ഒളിച്ചുകടത്തുന്ന നുഴഞ്ഞുകയറ്റക്കാർ തന്നെയാണ് ബിദഇകൾ! തിരുസ്നേഹത്തിന്റെ വക്താക്കൾക്ക് ഇവരെ പ്രതിരോധിക്കൽ ബാധ്യതയാണെന്നതിൽ സംശയമില്ല.**

മതത്തിലെ ഏത് കർമത്തിനും ഒരു ഹിക്മത്തുണ്ടാവും. കാരണം അല്ലാഹു 'ഹകീം' ആണ്. മത പ്രമാണങ്ങൾ വിശദീകരിച്ച ഹിക്മത്തുകൾ മാത്രമെ നമുക്ക് പൂർണമായും ഗ്രാഹ്യമാവൂ. അല്ലാത്തവ പൂർണമായി മനസ്സിലാക്കാൻ നമുക്ക് കഴിയണമെന്നില്ല.

മതം സമ്പൂർണവും സുന്ദരവുമാണ്. ഓരോന്നും അതിന്റെ തായ സ്ഥാനത്ത് അതിന്റെതായ അളവിൽ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആല്ലാഹുവിന്റെ മതത്തെ അവൻ സുന്ദരമാക്കിയാണ് നമുക്ക് തന്നത്. ഒന്നും അധികമില്ല! ഒന്നും കുറവുമില്ല! സുന്ദരം! സമ്പൂർണം! പ്രായോഗികം!

അതിൽ എന്ത് കൂട്ടിയാലും അത് മതത്തിന്റെ സൗന്ദര്യത്തെ വികലപ്പെടുത്തും; അതൊരു ദിക്റാണെങ്കിലും ശരി! കാരണം, ആ ദിക്ർ നാം നിശ്ചയിച്ച സ്ഥലത്ത് വേണമെന്ന് റബ്ബ് തീരുമാനിച്ചിട്ടില്ല. അവിടെ ആ ദിക്ർ വേണ്ട എന്ന് റബ്ബ് തീരുമാനിച്ചതിന്റെ ഹിക്മത്ത് നമുക്കറിയില്ല. അതിനാൽതന്നെ അത് അധികപ്പറ്റാണ്! അധികപ്പറ്റുകൾ പടിക്കു പുറത്താണ്!

തിരുനബി(സ്വ) തന്റെ പ്രസംഗ വേളകളിൽ പതിവായി ഓർമിപ്പിച്ചിരുന്ന കാര്യമാണ് 'കുല്ലു ബിദ്അതിൻ ളലാല' എന്നത്. അഥവാ, മുഴുവൻ പുത്തനാചാരങ്ങളും വഴികേടാണ് എന്ന്! 'കുല്ലു' എന്ന് ഭാഷയിൽ ഉപയോഗിച്ചാൽ അതിൽനിന്ന് ഒന്നും ഒഴിവില്ല എന്നതാണ് ഉസൂലിന്റെ ഉലമാക്കൾ പഠിപ്പിക്കുന്നത്. 'കുല്ലുകും ബനൂ ആദം' എന്ന് തിരുനബി(സ്വ)

പറയുമ്പോൾ ഒരാൾ പോലും ഒഴിവില്ലാതെ എല്ലാ മനുഷ്യരും ആദം സന്തതികൾതന്നെയാണ് എന്നാണതിന്റെ വിവക്ഷ.

അതിനാൽ, മതത്തിലെ പുത്തനാചാരങ്ങളിൽ നല്ലതും ഉണ്ട് എന്നു പറയൽതന്നെ പുത്തനാശയമാണ് എന്നതാണ് വസ്തുത.

**നബിദിനാഘോഷത്തിൽ നന്മയില്ല**

മുഴുവൻ നന്മകളും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത പുണ്യ പ്രവാചകൻ(സ്വ) ജന്മദിനാഘോഷം നടത്തിയിട്ടില്ല. അതിനർഥം അതിൽ നന്മയില്ല എന്നുതന്നെയാണ്! ആ കാരണം കൊണ്ടുതന്നെയാണ് ഏറ്റവും നന്മയുള്ള തലമുറകൾ എന്ന് നബി(സ്വ) പഠിപ്പിച്ച മൂന്ന് തലമുറകളിൽ ഈ കാര്യം ഇല്ലാതിരുന്നതും! ഇമാം സഖാവി(റഹി) അക്കാര്യം പറഞ്ഞിട്ടുണ്ട്: “മൗലിദ് സമ്പ്രദായം ഹിജ്റ മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായതാണ്.’

ബാത്വിലിന്റെ ആളുകളാണ് ഈ സമ്പ്രദായം തുടങ്ങിയത് എന്ന് ഇമാം ഫാകിഹാനി(റഹി) ഉണർത്തിയത് ശ്രദ്ധേയമാണ്. സമസ്തയുടെ പള്ളികളിൽ വെള്ളിയാഴ്ച പാരായണം ചെയ്യപ്പെടുന്ന നുബാതിയ്യ ഖുത്വുബകളിൽ റബീഉൽ അവ്വലിലെ അഞ്ച് ഖുത്വുബകളിലും മൗലിദാഘോഷം പരാമർശിക്കപ്പെടുന്നില്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

**ബിദഈ ഫാക്ടറികളിൽ നിർമിച്ച വിചിത്ര ‘തെളിവുകൾ’**

നബി(സ്വ)ക്കോ ഉത്തമ തലമുറകൾക്കോ, മദ്ഹബിന്റെ നാല് ഇമാമുമാർക്കോ, മഹദ്ദിസുകൾക്കോ പരിചിതമല്ലാത്ത ജന്മദിനാഘോഷമെന്ന പുത്തൻ ആചാരത്തെ ‘സ്ഥാപിക്കാൻ’ ഒൻപതോളം ക്വുർആൻ വചനങ്ങൾ മൗലിദ് വാദികൾ ദുർവ്യാഖ്യാനിക്കുന്നുണ്ട് എന്നത് ഏറെ കൗതുകകരം തന്നെ! (എണ്ണം ഇനിയും കൂടാനാണ് സാധ്യത).

പക്ഷേ, ഒൻപത് ആയത്തുകളിൽ ഉള്ള ഒരു കാര്യം; തിരുനബി(സ്വ) ഒരിക്കലെങ്കിലും ചെയ്തതായി ഒരു രേഖയുമില്ലാത്തത് എന്തിന്റെ തെളിവാണ് എന്ന ചോദ്യമൊന്നും ബിദ്അത്തിനെ ആഘോഷിക്കുന്നവരുടെ കർണപുടങ്ങളിൽ ഒരു കുലുക്കവും സൃഷ്ടിക്കില്ല!

**ബിദഈകൾ ഇക്കാലംവരേക്കും ഗവേഷണം ചെയ്ത് കണ്ടെത്തിയ ഒരു ‘തെളിവും’ ശീഈ ഫാക്ടറിയിലുണ്ടാക്കിയ ഈ പുതുനിർമിതിയെ സാധൂകരിക്കാൻ പര്യാപ്തമല്ല. ഇനി അടുത്ത വർഷങ്ങളിൽ വിക്ഷേപിക്കാൻ വിക്ഷേപണത്തറകളിൽ കയറ്റിനിർത്തിയിട്ടുള്ളവയുടെ അവസ്ഥയും ഭിന്നമല്ല. വഴികേടിനെ സ്വർണം പൂശാനുള്ള സർവ അധ്വാനവും മതപരമായി തിന്മയാണ്. അതെ, നബിദിനമാഘോഷിക്കുന്നവർ അതിലൂടെ നേടുന്നത് തിന്മ മാത്രമാണ്. തിന്മകൾ വർധിക്കുമ്പോൾ നന്മകളിൽനിന്ന് ദൂരെയായി പോവുന്ന ദുരന്തം വേറെയും!**

അല്ലാഹുവിന്റെ മിത്രങ്ങളിൽ തെളിവ് കിട്ടാതാവുമ്പോൾ റബ്ബിന്റെ ശത്രുവായ അബൂലഹബിൽ തെളിവ് തേടിപ്പോകുന്ന ബിദഈകളുടെ ദുരന്തം വിചിത്രം തന്നെ! സുറതുൽ മസദിനു മുന്നിലെത്തിയാൽ ഈ ‘തെളിവു’മായി ബിദഈകൾ വെള്ളം കുടിക്കുന്നത് കാണാം!

ഖദീജ(റ)യുടെ ആട്ടിറച്ചി മൗലിദിന്റെ ചെമ്പിലേക്ക് വിളമ്പാനുള്ള ശ്രമത്തിനിടയിൽ ആ സംഭവം നബി(സ്വ)യുടെയോ ഖദീജാബീവി(റ)യുടെയോ ജന്മദിനത്തിലല്ലെന്ന് തിരിച്ചറിയാനുള്ള വെളിവൊന്നും ബിദഈകളുടെ ബുദ്ധിക്കുണ്ടാവില്ല.

നബി(സ) അഖീഖ അറുത്തത് (ഹദീസ് ദുർബലം) ജന്മദിനാഘോഷത്തിന് ‘തെളിവ്’ ആക്കുന്നതിലെ വൈരുധ്യം ബിദഈകൾ കാണാത്തതിലും അത്ഭുതമൊന്നുമില്ല. അഖീഖ അറുക്കുന്നത് ജന്മദിനത്തിലല്ല എന്നതുപോലും തിരിച്ചറിയാനുള്ള ബോധം നഷ്ടമാവുമ്പോഴാണ് ഒരാൾ ബിദഈ ആവുന്നതുതന്നെ!

തിങ്കളാഴ്ചയിലെ വ്രതം ജന്മദിനത്തിൽ വയറ് നിറക്കാൻ തെളിവാക്കുന്നതാണ് ബിദഈകളുടെ മറ്റൊരു തമാശ! നബി(സ്വ)യും സ്വഹാബിമാരും ഉത്തമ തലമുറക്കാരും ഈ ഹദീസ് പ്രകാരം വ്രതമെടുത്ത് വയറു കാലിയാക്കി നടന്നു, ബിദഈകളാവട്ടെ ഇത് വയറു നിറക്കാനുള്ള തെളിവാക്കുന്നു! നോമ്പ് നോൽക്കാനുള്ള തെളിവ് നോമ്പ് ഹറാമായ ഈദ് നിർമിക്കാനുള്ള തെളിവാക്കി മാറ്റുന്നതുപോലെയുള്ള അത്ഭുത ഗവേഷണങ്ങളാണ് ബിദഈ ഫാക്ടറികളിൽ നടക്കുന്നത്! ശിയാക്കൾ നിർമിച്ചെടുത്ത ഒരു പുത്തനാചാരത്തെ വെള്ളയടിക്കാനാണ് ബിദഈകൾ ഇത്ര അധ്വാനിക്കുന്നത് എന്നതാണ് ഏറെ വിചിത്രം! കഷ്ടം!

ചുരുക്കത്തിൽ, ബിദഈകൾ ഇക്കാലംവരേക്കും ഗവേഷണം ചെയ്ത് കണ്ടെത്തിയ ഒരു ‘തെളിവും’ ശീഈ ഫാക്ടറിയിലുണ്ടാക്കിയ ഈ പുതുനിർമിതിയെ സാധൂകരിക്കാൻ പര്യാപ്തമല്ല. ഇനി അടുത്ത വർഷങ്ങളിൽ വിക്ഷേപിക്കാൻ വിക്ഷേപണത്തറകളിൽ കയറ്റിനിർത്തിയിട്ടുള്ളവയുടെ അവസ്ഥയും ഭിന്നമല്ല.

വഴികേടിനെ സ്വർണം പൂശാനുള്ള സർവ അധ്വാനവും മതപരമായി തിന്മയാണ്. അതെ, നബിദിനമാഘോഷിക്കുന്നവർ അതിലൂടെ നേടുന്നത് തിന്മ മാത്രമാണ്. തിന്മകൾ വർധിക്കുമ്പോൾ നന്മകളിൽനിന്ന് ദൂരെയായി പോവുന്ന ദുരന്തം വേറെയും! ■

ലേഖനം

# നബി(സ്വ) ജനിച്ച രാത്രിക്ക് ലൈലതുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠതയോ?





**ഉസ്മാൻ പാലക്കാഴി**
: 9656 292 244


ഇസ്‌ലാം മുസ്‌ലിംകൾക്ക് ആഘോഷിക്കാൻ രണ്ട് ആഘോഷങ്ങൾ മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. ഫിത്വർ പെരുന്നാളും ബലിപെരുന്നാളുമാണവ. എന്നാൽ മതം പഠിപ്പിച്ച, റസൂലും സ്വഹാബിമാരും ആഘോഷിച്ച ഈ ആഘോഷങ്ങളെക്കാൾ മതം പഠിപ്പിക്കാത്ത, റസൂലിനും സ്വഹാബിമാർക്കും പരിചയമില്ലാത്ത നബിദിനാഘോഷത്തിന് മഹത്ത്വവും പുണ്യവുമുണ്ടെന്നുവരെ പണ്ഡിതന്മാർ ജനങ്ങളെ പഠിപ്പിക്കുന്നു എന്നത് ഗൗരവമുള്ള കാര്യമാണ്. ചില ഉദാഹരണങ്ങൾ കാണുക:

"ഒരു വർഷത്തിൽ ഏറ്റവും ശ്രേഷ്ഠമായ മാസം റമളാൻ ആണല്ലോ. ഇതിനെ കൂടാതെ യുദ്ധം ഹറാമാക്കിയ ശ്രേഷ്ഠമായ മാസം നാലെണ്ണമുണ്ടല്ലോ. ഈ ശ്രേഷ്ഠമായ മാസമൊന്നും കൂടാതെ എന്തുകൊണ്ടാണ് റബീഉൽ അവ്വലിൽ നബി(സ്വ) ജനിക്കുവാൻ കാരണം?"

"കഴിഞ്ഞുപോയ രാത്രികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമേറിയത് നബി(സ്വ) ജനിച്ച രാത്രിയാകുന്നു. ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമേറിയതാണെന്ന് ഖുർആൻ പ്രസ്താവിച്ച ലൈലത്തുൽ ഖദ്റിനേക്കാൾ മഹത്വം ഉള്ളത് നബി(സ്വ) ജനിച്ച രാത്രിക്കാണ് (ശർവാനി: 3/462). നബി(സ്വ) ജനിച്ചത് ഏറ്റവും ശ്രേഷ്ഠമായ രാത്രിയിലായതുകൊണ്ട് ഈ ചോദ്യം അപ്രസക്തമാണ്" (ദ്വീപ് നാദം ദ്വൈവാരിക, 2004 ജൂൺ 1-15).


"അല്ലാഹു രാവും പകലും സൃഷ്ടിച്ചതു മുതൽ എത്രയോ ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. അതിൽ ഏറ്റവും മഹത്തായ രാവ് ഏതായിരിക്കും? കാലത്തിന് സ്വയം മഹത്വമില്ലെന്നും അതിൽ നടക്കുന്ന സംഭവവികാസങ്ങളാണ് രാപ്പകലുകളുടെ ശ്രേഷ്ഠതക്ക് മാനദണ്ഡമെന്നുമുള്ള വീക്ഷണപ്രകാരം നബി(സ്വ) ജനിച്ച രാവാകുന്നു ഏറ്റവും അനുഗ്രഹീതമായ രാവ്. ലൈലതുൽ ഖദ്റിനേക്കാൾ അതിന് ശ്രേഷ്ഠത ഉണ്ടെന്നാണ് ഇമാമുകൾ അഭിപ്രായപ്പെടുന്നത്" (നബിദിനം പ്രവാചക സവിശേഷത, പേജ് 13, എൻ, അലി മുസ്‌ല്യാർ കുമരംപുത്തൂർ).

"നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്. പെരുന്നാളിനെക്കാൾ വലിയ ആഘോഷം, സർവ്വലോകത്തിന്റെ വിമോചകനായ നബിപിറന്ന നാളിൽ വിശ്വാസികൾ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ അവർക്ക് മറ്റേത് ആഘോഷമാണുള്ളത്?" (രിസാല മാസിക, 1987 നവംബർ, പേജ് 9).

ഈ ഉദ്ധരണികൾ ശ്രദ്ധാപൂർവമൊന്ന് വായിച്ചുനോക്കുക. അല്ലാഹുവിനെയും പ്രവാചകനെയും ഇവർ മതം പഠിപ്പിക്കുകയാണെന്ന് തോന്നുന്നില്ലേ? ലൈലതുൽ ക്വദ്റിന്റെ മഹത്ത്വവും പുണ്യവും അല്ലാഹു അവന്റെ ക്വുർആനിലൂ

ടെ പഠിപ്പിച്ചതാണ്. നബി(സ്വ) അക്കാര്യം വിവരിച്ചുതന്നതുമാണ്. ഇവർ പറയുന്നു ലൈലതുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠത നബിയുടെ ജന്മദിനത്തിനാണെന്ന്! രണ്ട് പെരുന്നാൾ ദിനങ്ങളെക്കാളും ഈ ദിനത്തിന് പോരിശയുണ്ടത്രെ! ഇതൊന്നും അല്ലാഹുവിനും റസൂലിനും സ്വഹാബത്തിനും അറിയാൻ കഴിഞ്ഞില്ല എന്നല്ലേ ഇവരുടെ ജൽപനങ്ങളുടെ അന്തസ്സത്ത? ഇതെങ്ങനെ മുസ്‌ലിംകൾക്ക് അംഗീകരിക്കാൻ കഴിയും?

**ലൈലതുൽ ക്വദ്റിന്റെ മഹത്ത്വവും പുണ്യവും അല്ലാഹു അവന്റെ ക്വുർആനിലൂടെ പഠിപ്പിച്ചതാണ്. നബി(സ്വ) അക്കാര്യം വിവരിച്ചുതന്നതുമാണ്. ഇവർ പറയുന്നു ലൈലതുൽ ക്വദ്റിനെക്കാൾ ശ്രേഷ്ഠത നബിയുടെ ജന്മദിനത്തിനാണെന്ന്! രണ്ട് പെരുന്നാൾ ദിനങ്ങളെക്കാളും ഈ ദിനത്തിന് പോരിശയുണ്ടത്രെ! ഇതൊന്നും അല്ലാഹുവിനും റസൂലിനും സ്വഹാബത്തിനും അറിയാൻ കഴിഞ്ഞില്ല എന്നല്ലേ ഇവരുടെ ജൽപനങ്ങളുടെ അന്തസ്സത്ത? ഇതെങ്ങനെ മുസ്‌ലിംകൾക്ക് അംഗീകരിക്കാൻ കഴിയും?**




നബിദിനാഘോഷത്തിലൂടെ ഞങ്ങൾ നബി(സ്വ)യെ സ്നേഹിക്കുകയാണ്, സ്നേഹമില്ലാത്തവരാണ് ഇത് ആഘോഷിക്കാത്തതും എതിർക്കുന്നതും എന്നാണ് ഇക്കൂട്ടർ പറയാറുള്ളത്! നബി(സ്വ)യെ സ്നേഹിക്കൽ വിശ്വാസികയുടെ നിർബന്ധ ബാധ്യതയാണെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

"(നബിയേ), പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക..." (ക്വുർആൻ 9:24).

നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഒരാളും സ്വന്തം പിതാവിനെക്കാളും സന്തതിയെക്കാളും മറ്റെല്ലാ ആളുകളെക്കാളും എന്നെ സ്നേഹിക്കുന്നതുവരെ വിശ്വാസിയാവുകയില്ല" (ബുഖാരി).

എന്നാൽ എങ്ങനെയാണ് നബി(സ്വ) നമ്മുടെയിടയിൽ ജീവിച്ചിരിക്കാത്ത അവസ്ഥയിൽ അദ്ദേഹത്തെ നാം സ്നേഹിക്കുക? അവിടുന്ന് പഠിപ്പിക്കാത്ത പുത്തനാചാരങ്ങൾ ചെയ്തുകൊണ്ടോ? അല്ലാഹുതന്നെ നമുക്ക് പറഞ്ഞുതരുന്നത് കാണുക:

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 3:31).

ഈ ഒരു ക്വുർആൻ സൂക്തം മതി എങ്ങനെയാണ് പ്രവാചകനെ സ്നേഹിക്കേണ്ടത് എന്ന് മനസ്സിലാക്കാൻ. നബി(സ്വ)യെ സ്ഹേിക്കുന്നുവെങ്കിൽ അവിടുന്ന് ജീവിച്ചു കാണിച്ചുതന്ന പാത പിന്തുടരണമെന്നാണ് അല്ലാഹു അറിയിക്കുന്നത്. പ്രവാചകന്റെ ജീവിതചര്യകളെ അവഗണിക്കുകയും റബീഉൽ അവ്വൽ മാസത്തിൽ ഒരു ദിവസം മീലാദ് മീറ്റിൽ പങ്കെടുത്ത് പ്രവാചക സ്നേഹത്തിന്റെ പുണ്യം പറ്റാൻ ശ്രമിക്കുകയും ചെയ്യുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് വ്യക്തം. നബിയെ സ്നേഹിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ജീവിതചര്യ പിന്തുടരണം. അപ്പോൾ അല്ലാഹു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു വാഗ്ദാനം ലംഘിക്കാത്തവനാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുന്നവർ അതിൽ പ്രതീക്ഷയർപ്പിച്ച് അവൻ പറഞ്ഞതുപോലെ ജീവിക്കാൻ ശ്രമിക്കുകയാണ് ചെയ്യുക.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.

നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും'' (4:59).

ഈ വചനത്തിന്റെ വിവരണത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥ(ക്വുർആനിലേക്ക്)ത്തിലേക്ക് എന്നാണ്. നബി(സ്വ)യിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്.

വിശുദ്ധ ക്വുർആനിൽ നബിദിനാഘോഷത്തിന് തെളിവില്ല. മുഹമ്മദ് നബി(സ്വ) സ്വന്തം ജന്മദിനം കൊണ്ടാടിയിട്ടില്ല; മറ്റു പ്രവാചകന്മാരുടെ മൗലിദ് കഴിക്കുകയോ അതിന് നിർദേശിക്കുകയോ ചെയ്തിട്ടുമില്ല. സ്വഹാബികളാരും ആരുടെയെങ്കിലും ജന്മദിനം ആഘോഷിച്ചതായിയാതൊരു തെളിവുമില്ല! അതുകൊണ്ടുതന്നെ ഇത് പുത്തനാചാരമാണ് എന്നതിൽ സംശയമില്ല. ശൈഖ് ഫൗസാൻ ബിദ്അത്തിനെക്കുറിച്ചെഴുതിയ ലഘുകൃതിയിൽ പറയുന്നു:

“മുസ്‌ലിം സമൂഹത്തിലെ ചില മൂഢൻമാർ അല്ലെങ്കിൽ വഴിപിഴപ്പിക്കുന്ന പണ്ഡിതന്മാർ മുഹമ്മദ് നബി(സ്വ)യുടെ ജന്മദിനമെന്ന പേരിൽ എല്ലാവർഷവും റബീഉൽ അവ്വൽ മാസത്തെ ആഘോഷമാക്കുന്നു. അവരിലെ ചിലർ ഈ ആഘോഷം പള്ളികളിൽവെച്ച് ആഘോഷിക്കുന്നു. മറ്റുചിലർ വീടുകളിലും അതല്ലെങ്കിൽ പ്രത്യേകം തയാറാക്കപ്പെട്ട സ്ഥലങ്ങളിൽ വെച്ചും നടത്തുന്നവരാണ്.''

“ഈ ആഘോഷത്തിൽ സാധാരണക്കാരും വിവരമില്ലാത്തവരുമായ ഒരുകൂട്ടം ജനങ്ങൾ പങ്കെടുക്കുന്നു. ക്രിസ്ത്യാനികൾ ഈസാനബി(അ)യുടെ ജന്മദിനമാണെന്ന് വാദിച്ച് ക്രിസ്മസ് ആഘോഷിക്കുന്നു. ഇതിനോട് സാമ്യത പുലർത്തിക്കൊണ്ട് ഇക്കൂട്ടരും ഇത്തരം പുതുനിർമിതികൾ നടത്തി. ഈ ആഘോഷം പുത്തനാചാരവും ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, മാത്രമല്ല അത് ശിർക്കും നിഷിദ്ധവുമായ പ്രവർത്തനങ്ങൾ അടങ്ങിയതുമാണ്.''

“അല്ലാഹുവിന് പുറമെ പ്രവാചകനെ വിളിച്ച് പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യുന്ന രൂപത്തിൽ പ്രവാചകൻ അർഹിക്കുന്നതിലും അതിരുകവിഞ്ഞ കാവ്യങ്ങൾ നിർമിച്ചുകൊണ്ടാണ് ഇത്തരം ആളുകൾ വഴിപിഴച്ചത്. എന്നാൽ നബി(സ്വ) ആകട്ടെ അദ്ദേഹത്തെ അതിരുവിട്ട് പ്രശംസിക്കുന്നത് വിലക്കിയിട്ടുണ്ട്. നബി (സ്വ) പറഞ്ഞു: ‘ക്രിസ്ത്യാനികൾ മറിയമിന്റെ പുത്രനെ അമിതമായി പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ അമിതമായി പുകഴ്ത്തരുത്. തീർച്ചയായും ഞാനൊരു ദാസനാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലും എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക.''

> **നബി(സ്വ) ചെയ്യാൻ പറഞ്ഞതെല്ലാം നാം ചെയ്യേണ്ടതുണ്ട്. വർജിക്കാൻ പറഞ്ഞതെല്ലാം വർജിക്കേണ്ടതുണ്ട്. നബിദിനാഘോഷം നബി(സ്വ)യുടെ ചര്യയിൽ പെട്ടതല്ല എന്നും ഉത്തമമെന്ന് അവിടുന്ന് പ്രഖ്യാപിച്ച മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായതാണെന്നും ഇത് ആഘോഷിക്കുന്നവർ തന്നെ പലപ്പോഴും സമ്മതിക്കാറുണ്ട്! എങ്കിൽ മതത്തിൽ മാതൃകയില്ലാത്ത ഈ പരിപാടി അവസാനിപ്പിച്ചു കൂടേ?**

“....ഈ ആഘോഷങ്ങളെ അനുഗമിക്കുന്ന ഹീന കൃത്യങ്ങളിൽപെട്ടതാണ് സംഗീതത്തിന്റെ അകമ്പടിയോടെയുള്ള ഗാനങ്ങൾ, ചെണ്ടമേള, സ്വൂഫികളുടെ പുത്തൻനിർമിതികളായ പ്രാർഥനകൾ നിർവഹിക്കൽ തുടങ്ങിയവ. സ്ത്രീ-പുരുഷ ഇടകലരൽ ഇത്തരം ആഘോഷങ്ങളിൽ ഉണ്ടാകാറുണ്ട്. ഇനി അവർ വാദിക്കാറുള്ളത് പോലെ ഈ ആഘോഷം ഇത്തരത്തിലുള്ള വിപത്തുകളിൽനിന്ന് ഒഴിവാകുകയും ഒരുമിച്ച്കൂടുക, ഭക്ഷണം കഴിക്കുക, സന്തോഷം പ്രകടിപ്പിക്കുക എന്നിവയുടെമേൽ പരിമിതപ്പെടുകയും ചെയ്താലും ശരി ഈ ആഘോഷം പുത്തനാചാരമാണ്. നബി(സ്വ) പറഞ്ഞു:'എല്ലാ പുതുനിർമിതികളും പുത്തനാചാരമാണ്. എല്ലാ പുത്തനാചാരങ്ങളും വഴികേടിലാണ്.''

“അവരുടെ ന്യായം ഘട്ടംഘട്ടമായി പരിണമിച്ച് മറ്റ് ആഘോഷങ്ങളിൽ സംഭവിക്കാറുള്ള ഹീന കൃത്യങ്ങൾ ഇതിലും സംഭവിക്കും. ഈ ആഘോഷം ബിദ്അത്താണെന്ന് പറയാനുള്ള കാരണം ഇതിന് ക്വുർആനിലോ പ്രവാചകചര്യയിലോ സച്ചരിതരായ പൂർവസൂരികളുടെ പ്രവർത്തനങ്ങളിലോ ശ്രേഷ്ഠമായ നൂറ്റാണ്ടുകളിലോ ഇതിന് യാതൊരു അടിസ്ഥാനവുമില്ല എന്നതാണ്. ഹിജ്റ നാലാം നൂറ്റാണ്ടിനുശേഷം രംഗത്തുവന്ന പുത്തനാചാരമാണിത്. ഫാത്വിമിയാക്കളാണ് ഇത് നിർമിച്ചത്.''

നബി(സ്വ) ചെയ്യാൻ പറഞ്ഞതെല്ലാം നാം ചെയ്യേണ്ടതുണ്ട്. വർജിക്കാൻ പറഞ്ഞതെല്ലാം വർജിക്കേണ്ടതുണ്ട്. നബിദിനാഘോഷം നബി(സ്വ)യുടെ ചര്യയിൽ പെട്ടതല്ല എന്നും ഉത്തമമെന്ന് അവിടുന്ന് പ്രഖ്യാപിച്ച മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായതാണെന്നും ഇത് ആഘോഷിക്കുന്നവർ തന്നെ പലപ്പോഴും സമ്മതിക്കാറുണ്ട്! എങ്കിൽ മതത്തിൽ മാതൃകയില്ലാത്ത ഈ പരിപാടി അവസാനിപ്പിച്ചു കൂടേ? ■



# സ്ത്രീസ്വാതന്ത്ര്യവും സമത്വവും; ചില മിഥ്യാധാരണകൾ

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

ഈയിടെ ധാരാളമായി കേട്ടുവരുന്ന പദങ്ങളാണ് ലിബറലിസം, ജെൻഡർ ന്യൂട്രാലിറ്റി തുടങ്ങിയവ. 18 വയസ്സു തികഞ്ഞ ഒരാൾക്ക് തന്റെ ഇഷ്ടാനുസരണം ജീവിക്കാം എന്നതാണ് ലിബറൽ ചിന്താഗതിക്കാരുടെ വാദത്തിന്റെ ചുരുക്കം. ആൺ-പെൺ എന്ന ചിന്ത തന്നെ ഇല്ലാതാക്കി 'നപുംസക ലിംഗ' ബോധത്തിലേക്കു നയിക്കുന്നത് പുരോഗമനമാണെന്ന് ചിലർ സിദ്ധാന്തിക്കുന്നു. ക്ലാസ്സിൽ ഇരുവിഭാഗങ്ങൾക്കും പ്രത്യേകം ഇരിപ്പിടങ്ങൾ പാടില്ല, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ വസ്ത്രമായിരിക്കണം തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന ജെൻഡർ ന്യൂട്രാലിറ്റി സംസ്കൃത സമൂഹത്തിനു ചേർന്നതല്ല.

ആൺ-പെൺ സ്വത്വബോധം നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യകരമായ സൗഹാർദാന്തരീക്ഷം നിലനിർത്തുകയാണ് കാമ്പസുകളിൽ ആവശ്യം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടം, പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ മാറ്റപ്പെടേണ്ട പഴഞ്ചൻ ആശയങ്ങളല്ല. അത് ലിംഗപരമായ അനീതിയുമല്ല. എതിർലിംഗവുമായി അടുക്കുവാനുള്ള നൈസർഗികത്വര തീക്ഷ്ണമായേക്കാവുന്ന കൗമാരത്തിൽ അവരുടെ 'കംഫർട്ടിനു' വേണ്ടി അവരെ പാട്ടിനുവിടുക എന്നതല്ല വിവേകം. മുൻ

**ആൺ-പെൺ സ്വത്വബോധം നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യകരമായ സൗഹാർദാന്തരീക്ഷം നിലനിർത്തുകയാണ് കാമ്പസുകളിൽ ആവശ്യം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടം, പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ മാറ്റപ്പെടേണ്ട പഴഞ്ചൻ ആശയങ്ങളല്ല. അത് ലിംഗപരമായ അനീതിയുമല്ല. എതിർലിംഗവുമായി അടുക്കുവാനുള്ള നൈസർഗികത്വര തീക്ഷ്ണമായേക്കാവുന്ന കൗമാരത്തിൽ അവരുടെ 'കംഫർട്ടിനു' വേണ്ടി അവരെ പാട്ടിനുവിടുക എന്നതല്ല വിവേകം. മുൻഗാമികൾ ചിന്തിച്ചു സംവിധാനിച്ച സന്തുലിത വിദ്യാലയാന്തരീക്ഷം അംഗീകരിക്കുകയാണ് വിവേകമതികൾ ചെയ്യേണ്ടത്.**

ഗാമികൾ ചിന്തിച്ചു സംവിധാനിച്ച സന്തുലിത വിദ്യാലയാന്തരീക്ഷം അംഗീകരിക്കുകയാണ് വിവേകമതികൾ ചെയ്യേണ്ടത്.

പരസ്പര സമ്മതത്തോടെ രണ്ടു പുരുഷൻമാരോ രണ്ടു സ്ത്രീകളോ ഒരു ആണും പെണ്ണും കൂടിയോ ഒരുമിച്ച് ദമ്പതികളെ പോലെ താമസിക്കുന്നത് നിയമപരമായി അനുവദിക്കപ്പെട്ട ഒരു ചുറ്റുപാടിലാണ് നാം ജീവിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ കൗമാരക്കാരായ നമ്മുടെ മക്കളിൽ അവർ പോലും അറിയാതെ ലിബറൽ ചിന്തകൾ കടന്നുകൂടുന്നു എന്നത് ഗൗരവമേറിയ വിഷയമാണ്.

ഈ കാലഘട്ടത്തിലെ കൗമാരക്കാരായ കുട്ടികളുമായി സംവദിക്കുമ്പോൾ അവരുടെ ജീവിത സങ്കൽപങ്ങൾ വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നതായി നമുക്ക് മനസ്സിലാക്കാം. വിവാഹം, കുടുംബം, വിദ്യാഭ്യാസം, ഉദ്യോഗം, വസ്ത്രധാരണരീതി തുടങ്ങിയവയിലൊക്കെ അവരുടെ കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുകയാണ്.

പെൺകുട്ടികൾ വിദ്യാസമ്പന്നരാകേണ്ടത് അത്യാവശ്യം തന്നെയാണ്. ഒരു ജോലി നേടാനായാൽ അത് ആശ്വാസകരമാണ്. സ്വന്തം മക്കൾക്ക് അവരുടെ സ്കൂൾ പാഠങ്ങൾ പഠിപ്പിച്ചുകൊടുക്കാനും ഒരു മാതാവ് അത്യാവശ്യം വിദ്യാഭ്യാസമുള്ളവളാകേണ്ടതുണ്ട്. എന്നാൽ വിദ്യാഭ്യാസം, ജോലി തുടങ്ങിയവയൊക്കെ എല്ലാ കെട്ടുപാടുകളിൽനിന്നുമുള്ള മോചനത്തിനും ഏതു വഴിക്കും നീങ്ങാനുള്ള സ്വാതന്ത്ര്യത്തിനുമാണ് എന്ന ചിന്താഗതി പെൺകുട്ടികളിൽ വളർന്നുവരുന്നത് സൂക്ഷിക്കേണ്ടതുണ്ട്.

സ്ത്രീകൾ അനുഭവിക്കുന്ന ചില സമകാലീന സാമൂഹിക പ്രശ്നങ്ങളും സ്ത്രീധനമെന്ന അനാചാരവും അതിന്റെ പേരിലുള്ള പീഡനങ്ങളും ഇത്തരം ചിന്താഗതികളിലേക്ക് പെൺകുട്ടികളെ നയിക്കുന്നുവെങ്കിൽ അതിന്റെ ഉത്തരവാദിത്തം സമൂഹത്തിനുണ്ട്. എന്നാൽ ഫെമിനിസം, ലിബറലിസം പോലുള്ള തലതിരിഞ്ഞ ചിന്തകളാണ് പുതുതലമുറയിലെ പെൺകുട്ടികളിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നത് എന്നതിൽ സംശയമില്ല.

എല്ലാ കാര്യങ്ങളിലും തന്നിഷ്ടമനുസരിച്ച് തീരുമാനമെടുക്കുകയും യാതൊരുവിധ നിയന്ത്രണങ്ങളെയും ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യാൻ സാധിച്ചാൽ താൻ സ്വതന്ത്രയായി എന്ന് വിശ്വസിക്കുന്നവർ മൂഢസ്വർഗത്തിലാണ് ജീവിക്കുന്നത്. തനിച്ച ലിബറലിസ്റ്റുകളായി ജീവിക്കുന്നവരെ സമകാലീന സാമൂഹിക പ്രശ്നങ്ങൾ ഒന്നും ബാധിക്കുന്നില്ലേ? സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇത്തരക്കാർക്കിടയിൽ അരങ്ങേറുന്നില്ലേ?

സർവസ്വാതന്ത്ര്യം, സ്ത്രീ-പുരുഷ സമത്വം തുടങ്ങിയവ സമകാലീന പ്രശ്നങ്ങൾക്ക് പരിഹാരമാണ് എന്നത് ലിബറലിസ്റ്റുകളുടെ മിഥ്യാധാരണ മാത്രമാണ്. കാരണം അവൾക്ക് ഇതെല്ലാം പ്രയാസം മാത്രമാണ് ഉണ്ടാക്കുക.

സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരായാണ് അല്ലാഹു പുരുഷന്മാരെ പടച്ചിരിക്കുന്നത്. ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച അല്ലാഹുവിനെക്കാൾ ആർക്കാണ് ഇരുകൂട്ടരുടെയും കഴിവുകളും കുറവുകളും ശക്തിയും






**ശാരീരിക-മാനസിക തലങ്ങളിൽ സ്ത്രീ പുരുഷനെക്കാൾ ദുർബലയാണ് എന്നത് ശാസ്ത്രം അംഗീകരിച്ച സത്യമാണ്. അതുകൊണ്ട് തന്നെ ഒരു കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ ഭാരിച്ച ഉത്തരവാദിത്തങ്ങൾ അവളുടെ മേൽ ഇസ്‌ലാം അടിച്ചേൽപിക്കുന്നില്ല. അവൾക്ക് മാത്രമായി അല്ലാഹു നിശ്ചയിച്ച കഴിവുകളും കടമകളുമാണ് ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങിയവ. സമത്വം പറഞ്ഞ് പങ്കുവയ്ക്കാൻ പറ്റിയ കാര്യങ്ങളല്ല ഇതൊന്നും.**

ദുർബലതയും അറിയുക?

ശാരീരിക-മാനസിക തലങ്ങളിൽ സ്ത്രീ പുരുഷനെക്കാൾ ദുർബലയാണ് എന്നത് ശാസ്ത്രം അംഗീകരിച്ച സത്യമാണ്. അതുകൊണ്ട് തന്നെ ഒരു കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ ഭാരിച്ച ഉത്തരവാദിത്തങ്ങൾ അവളുടെ മേൽ ഇസ്‌ലാം അടിച്ചേൽപിക്കുന്നില്ല. അവൾക്ക് മാത്രമായി അല്ലാഹു നിശ്ചയിച്ച കഴിവുകളും കടമകളുമാണ് ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങിയവ. സമത്വം പറഞ്ഞ് പങ്കുവയ്ക്കാൻ പറ്റിയ കാര്യങ്ങളല്ല ഇതൊന്നും.


ഒരു സ്ത്രീ തനിക്ക് എല്ലാ കാര്യത്തിലും സ്വയം പര്യാപ്തതയും അനിയന്ത്രിത സ്വാതന്ത്ര്യവും സമത്വവും വേണം എന്ന ഉറച്ച തീരുമാനത്തിൽ ജീവിക്കുന്നപക്ഷം മേൽപറഞ്ഞ തന്റെ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിറവേറ്റാൻ അവൾക്ക് സാധിക്കുമോ? സന്തോഷം നിറഞ്ഞ ദാമ്പത്യജീവിതം സാധ്യമാകുമോ?

ഒരു സത്യവിശ്വാസിനി തന്റെ ഭർത്താവിന്റെ കീഴിൽ തന്റെ മക്കളെയും കുടുംബത്തെയും പരിപാലിക്കുന്നതിന് മുൻതൂക്കം കൊടുത്ത് ജീവിക്കുമ്പോൾ അവളും കുടുംബവും അനുഭവിക്കുന്ന സന്തോഷവും അനുഭൂതിയും ലിബറലിസ്റ്റുകളുടെ ജീവിതത്തിൽ കാണാൻ കഴിയുമോ?

തന്റെ കുടുംബ ജീവിതത്തിനു കോട്ടം തട്ടാത്ത വിധത്തിൽ ഒരു സ്ത്രീക്ക് ജോലി ചെയ്യാനും അതുവഴി നേടുന്ന ധനം അനുവദനീയമായ മാർഗങ്ങളിൽ ചെലവഴിക്കാനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാം നൽകുന്നുണ്ട്.

ഇസ്‌ലാമിന്റെ പേരിൽ അഭിമാനിക്കുന്നവരും പരലോകവിശ്വാസമുള്ളവരുമാക്കി മക്കളെ വളർത്തിയെടുക്കാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുകയാണെങ്കിൽ മക്കൾ മാനുഷിക മൂല്യങ്ങളെ നിരാകരിക്കുന്ന ലിബറലിസത്തിന്റെയും നിരീശ്വരവാദത്തിന്റെയും പിന്നാലെ പോകുമെന്ന് ഭയപ്പെടേണ്ടിവരില്ല. ■

ബ്രെയിൻ മാപ്പിംഗ്, നാർക്കോ അനാലിസിസ്, പോളിഗ്രാഫ് ടെസ്റ്റ് എന്നീ ശാസ്ത്രീയ പരിശോധനകൾക്ക്, പ്രതികളെയും വേണ്ടിവന്നാൽ സാക്ഷികളെയും വിധേയരാക്കിപ്പോരുന്നു. എന്നാൽ ആരെയും സ്വന്തം സമ്മതത്തോടെയല്ലാതെ നിർബന്ധിച്ച് ഈ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ഭരണഘടന 20(3) വകുപ്പിന് (ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള ഒരാളെ, അയാൾക്കെതിരായി സാക്ഷ്യം നൽകാൻ നിർബന്ധിക്കാവുന്നതല്ല എന്നതിന്) വിരുദ്ധവും അതിനാൽ അസാധുവുമായിരിക്കുമെന്ന് സുപ്രീം കോടതി 2010 മെയ് അഞ്ചിനു വിധിക്കുകയുണ്ടായി. സ്വമേധയാ ഈ പരിശോധനയ്ക്കു വിധേ



# ബ്രെയിൻ മാപ്പിംഗും നാർക്കോ അനാലിസിസും

**അബൂ ആദം അയ്മൻ**

യരാകുന്നവരുടെ കാര്യത്തിലാണെങ്കിൽ, കേസിനെ സംബന്ധിക്കുന്ന തായ എന്തെങ്കിലും വിവരമോ വസ്തുതയോ പരിശോധനാഫലത്തിന്റെ സഹായത്തോടെ ലഭിക്കുന്നതായാൽ ആയത് ഇന്ത്യൻ തെളിവുനിയമം 27ാം വകുപ്പിന് അനുസൃതമായി തെളിവിലേക്ക് സ്വീകരിക്കാവുന്ന താണെന്നും വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ബ്രെയിൻ മാപ്പിംഗ്**

ബ്രെയിൻ മാപ്പിംഗ്, കുറ്റകൃത്യത്തെ സംബന്ധിക്കുന്ന സംഗതമായ സംഭാഷണങ്ങളോടും ചിത്രങ്ങളോടുമുള്ള, കുറ്റം ചുമത്തപ്പെട്ടിട്ടുള്ള യാളുടെയും കുറ്റവാളിയെന്ന് സംശയിക്കപ്പെടുന്നവരുടെയും അതി സൂക്ഷ്മ മസ്തിഷ്ക വൈദ്യുതി തരംഗപ്രതികരണങ്ങൾ അളന്നുകൊണ്ട് യഥാർഥ കുറ്റവാളിയെ തിരിച്ചറിയുന്നതായ പ്രക്രിയയാണ്. അമേരിക്കൻ നാഡീവ്യൂഹവിദഗ്ധൻ ഡോ. ലാറിഫാർവെൽ ആണ് ഈ പ്രക്രിയ വികസിപ്പിച്ചെടുത്തത്.

ഒരു മനുഷ്യന്റെ എല്ലാ പ്രവൃത്തികളുടെയും നിയന്ത്രണകേന്ദ്രം അവന്റെ മസ്തിഷ്കമാണെന്ന സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള പ്രകിയയാണിത്. കുറ്റകൃത്യത്തെ സംബന്ധിക്കുന്ന സംഗതമായ സംഭാഷണങ്ങളും ചിത്രങ്ങളും അസംഗതമായ സംഭാഷണങ്ങളോടും ചിത്രങ്ങളോടുമൊപ്പം ഇടകലർത്തി, കമ്പ്യൂട്ടർ സ്ക്രീനിൽ ഇവരെ കാണിക്കുന്നു. ഇവരെ ധരിപ്പിക്കുന്ന ശിരോനാടയിൽ സജ്ജീകരിച്ചിട്ടുള്ള 'സെൻസർ' എന്ന ഉപകരണം മുഖേനയാണ് ഇവരുടെ ഈ വേളയിലുള്ള മസ്തിഷ്ക വൈദ്യുതിതരംഗ വ്യതിയാനങ്ങൾ അളക്കുന്നത്. കുറ്റവാളി തന്റെ ചെയ്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അയാളുടെ മസ്തിഷ്കത്തിൽനിന്ന് ഒരു പ്രത്യേകതരത്തിലുള്ള വൈദ്യുതി തരംഗങ്ങൾ ഉദ്ഭവിക്കുന്നതും, ആയത് സെൻസർ ഉപകരണം പ്രേഷണം ചെയ്ത് രേഖപ്പെടുത്തുന്നതുമായിരിക്കും. കുറ്റവാളികളെന്ന് സംശയിക്കപ്പെടുന്നവരിൽനിന്ന് യഥർഥ കുറ്റവാളിയെ, ഈ തരംഗവ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയാൻ കുറ്റാന്വേഷകർക്ക് സാധിക്കുന്നതാണ്. പോളിഗ്രാഫ് പരിശോധനയിൽനിന്നു വ്യത്യസ്തമായി ഇവിടെ സംശയിക്കപ്പെടുന്നയാളെ ചോദ്യം ചെയ്യലിന് വിധേയനാക്കുന്നില്ല.

**നാർക്കോ അനാലിസിസ്**

നാർക്കോ അനാലിസിസ് (Narco Analysis), കുറ്റം ചുമത്തപ്പെട്ടിട്ടുള്ളയാളെയോ കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നവരെയോ, മയക്കുമരുന്നു കുത്തിവച്ചു മയക്കത്തിലാഴ്ത്തിക്കൊണ്ട് അവർ മനസ്സിൽ മറച്ചുവച്ചിട്ടുള്ള വിവരങ്ങൾ ചോദിച്ചറിഞ്ഞ് അപഗ്രഥനം ചെയ്യുന്നതായ പ്രക്രിയയാണ്. 'സത്യം വെളിപ്പെടുത്തുന്നതായ ദ്രാവകം' truth serum) എന്ന് അറിയപ്പെടുന്ന തയോപെന്റൽ സോഡിയം, അല്ലെങ്കിൽ സോഡിയം പെന്റോത്തൽ ആണ് സാധാരണ മയക്കുമരുന്നായി ഉപയോഗിക്കുക. ഇത് കുത്തിവച്ചാൽ കേന്ദ്രനാഡീവ്യൂഹം തളരുകയും, രക്തസമ്മർദം താഴുകയും, ഹൃദയമിടിപ്പ് സാവകാശത്തിലാകുകയും ആൾ നിയന്ത്രണം വിട്ട് വാചാലനായി മാറുകയും ചെയ്യുന്നതാണ്. ഒരു ശാന്തതയിൽ എത്തുമ്പോൾ ആൾ ചോദ്യങ്ങൾക്കു വഴങ്ങി മറുപടി പറയുകയും മനസ്സിൽ മറച്ചുവച്ചിട്ടുള്ള വിവരങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ യഥാർഥ കുറ്റവാളിയെ തിരിച്ചറിയുന്നതിനും കേസിലേക്കു വേണ്ട സംഗതമായ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാന്വേഷകർക്ക് കഴിയുന്നതാണ്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
40

# സൂറ: ഗാഫിർ
## (പാപം പൊറുക്കുന്നവൻ)
(മക്കയിൽ അവതരിച്ചത്)

ٱلَّذِينَ كَذَّبُوا۟ بِٱلْكِتَٰبِ وَبِمَآ أَرْسَلْنَا
بِهِۦ رُسُلَنَا ۖ فَسَوْفَ يَعْلَمُونَ ﴿٧٠﴾

إِذِ ٱلْأَغْلَٰلُ فِىٓ أَعْنَٰقِهِمْ وَٱلسَّلَٰسِلُ
يُسْحَبُونَ ﴿٧١﴾

فِى ٱلْحَمِيمِ ثُمَّ فِى ٱلنَّارِ يُسْجَرُونَ ﴿٧٢﴾

ثُمَّ قِيلَ لَهُمْ أَيْنَ مَا كُنتُمْ تُشْرِكُونَ ﴿٧٣﴾

مِن دُونِ ٱللَّهِ ۖ قَالُوا۟ ضَلُّوا۟ عَنَّا بَل لَّمْ نَكُن
نَّدْعُوا۟ مِن قَبْلُ شَيْـًٔا ۚ كَذَٰلِكَ يُضِلُّ ٱللَّهُ
ٱلْكَٰفِرِينَ ﴿٧٤﴾

ذَٰلِكُم بِمَا كُنتُمْ تَفْرَحُونَ فِى ٱلْأَرْضِ
بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَمْرَحُونَ ﴿٧٥﴾

ٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئْسَ
مَثْوَى ٱلْمُتَكَبِّرِينَ ﴿٧٦﴾

فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ ۚ فَإِمَّا نُرِيَنَّكَ
بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا يُرْجَعُونَ
﴿٧٧﴾

70. വേദഗ്രന്ഥത്തെയും നാം നമ്മുടെ ദൂതന്മാരെയും അയച്ചത് എന്തൊരു ദൗത്യം കൊണ്ടാണോ അതിനെയും നിഷേധിച്ചുകളഞ്ഞവരത്രെ അവർ. എന്നാൽ വഴിയെ അവർ അറിഞ്ഞുകൊള്ളും.

71. അതെ; അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളുമായി അവർ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം.

72. ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും.

73. പിന്നീട് അവരോട് പറയപ്പെടും: നിങ്ങൾ പങ്കാളികളായി ചേർത്തിരുന്നവർ എവിടെയാകുന്നു?

74. അല്ലാഹുവിന് പുറമെ. അവർ പറയും: അവർ ഞങ്ങളെ വിട്ട് അപ്രത്യക്ഷരായിരിക്കുന്നു. അല്ല, ഞങ്ങൾ മുമ്പ് പ്രാർഥിച്ചിരുന്നത് യാതൊന്നിനോടുമായിരുന്നില്ല. അപ്രകാരം അല്ലാഹു സത്യനിഷേധികളെ പിഴവിലാക്കുന്നു.

75. ന്യായമില്ലാതെ നിങ്ങൾ ഭൂമിയിൽ ആഹ്ലാദംകൊണ്ടിരുന്നതിന്റെയും ഗർവ് നടിച്ചിരുന്നതിന്റെയും ഫലമത്രെ അത്.

76. നരകത്തിന്റെ കവാടങ്ങളിലൂടെ അതിൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ കടന്നുകൊള്ളുക. അഹങ്കാരികളുടെ പാർപ്പിടം ചീത്തതന്നെ (എന്ന് അവരോട് പറയപ്പെടും).

77. അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. എന്നാൽ നാം അവർക്ക് താക്കീത് നൽകുന്ന ശിക്ഷയിൽ ചിലത് നിനക്ക് നാം കാണിച്ചുതരുന്നതായാലും (അതിന്നിടക്കുതന്നെ) നിന്നെ നാം മരിപ്പിക്കുന്നതായാലും നമ്മുടെ അടുത്തേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നത്.

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ ۗ وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۚ فَإِذَا جَاءَ أَمْرُ اللَّهِ قُضِيَ بِالْحَقِّ وَخَسِرَ هُنَالِكَ الْمُبْطِلُونَ ﴿٧٨﴾

78. നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല. യാതൊരു ദൂതനും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാവില്ല. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നാൽ ന്യായപ്രകാരം വിധിക്കപ്പെടുന്നതാണ്. അസത്യവാദികൾ അവിടെ നഷ്ടത്തിലാവുകയും ചെയ്യും.

70-72). ചുട്ടുപൊള്ളുന്ന നരകമാണ് ഇവർക്ക് പ്രതിഫലം, ആ ശിക്ഷയെ അല്ലാഹു ഇവിടെ താക്കീത് ചെയ്യുന്നു. (എന്നാൽ അവർ വഴിയെ അറിഞ്ഞുകൊള്ളും. അവരുടെ കഴുത്തുകളിൽ വളയങ്ങളും ചങ്ങലകളുമായി) അതുമൂലം ചലിക്കാൻപോലും സാധ്യമല്ല. (ചങ്ങലകൾ) അവരെയും പിശാചുക്കളെയും ബന്ധിക്കുന്നു. (വലിച്ചിഴക്കപ്പെടുന്ന സന്ദർഭം, ചുട്ടുതിളയ്ക്കുന്ന വെള്ളത്തിലൂടെ). കഠിനമായ ചൂടോടെ തിളച്ചുകൊണ്ടിരിക്കുന്ന വെള്ളം. (പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും) വലിയ ജ്വാലകൾ അവർക്കുമേൽ കത്തിക്കപ്പെടും. അങ്ങനെ അതിൽ അവർ കടന്നെരിയുകയും അവർ ചെയ്ത ശിർക്കും നിഷേധവും കാരണം അപമാനിക്കപ്പെടുകയും ചെയ്യും.

73,74). (പിന്നീട് അവരോട് പറയപ്പെടും: നിങ്ങൾ പങ്കാളികളായി ചേർത്തിരുന്നവർ എവിടെയാകുന്നു?) അവരെക്കൊണ്ട് നിങ്ങൾക്ക് വല്ല ഉപകാരവും ലഭിച്ചുവോ? അൽപമെങ്കിലും ശിക്ഷ ഒഴിവാക്കിത്തരാൻ അവർക്ക് സാധിച്ചുവോ?

(അവർ പറയും: അവർ ഞങ്ങളെവിട്ട് അപ്രത്യക്ഷരായിരിക്കുന്നു) അവർ വന്നില്ല. അവർ വന്നാലും യാതൊരു പ്രയോജനവും ഇല്ല.

പിന്നീടവർ നിഷേധിച്ചുകൊണ്ട് പറയും: (ഞങ്ങൾ മുമ്പ് പ്രാർഥിച്ചിരുന്നത് യാതൊന്നിനോടും ആയിരുന്നില്ല) ചെയ്ത കാര്യങ്ങൾ നിഷേധിച്ചാൽ പ്രയോജനമുണ്ടാകുമെന്ന് അവർ കരുതി. ചിലപ്പോൾ അവർ ആരാധിച്ചിരുന്നവരുടെ നിരർഥകത അംഗീകരിച്ച് പറയുന്നതാവാനും സാധ്യതയുണ്ട്. യഥാർഥത്തിൽ അല്ലാഹുവിന് പങ്കുകാരില്ല. ആരാധ്യതയ്ക്ക് അവകാശമില്ലാത്തവരെ ആരാധിക്കുന്നതിലൂടെ അവർക്ക് തെറ്റ് പറ്റിയതാണ്. തുടർന്ന് പറയുന്നത് ഈ ആശയത്തെ ബലപ്പെടുത്തുന്നു. (അപ്രകാരം അല്ലാഹു സത്യനിഷേധികളെ പിഴവിലാക്കുന്നു). ഇഹലോകത്ത് സംഭവിച്ച വഴിപിഴവ്, ഓരോരുത്തർക്കും വ്യക്തമായി മനസ്സിലാകുന്ന വഴികേട്. ഉയിർത്തെഴുന്നേൽപ് നാളിൽ അവർ സ്വയമേ അത് അംഗീകരിക്കുന്നു.

അല്ലാഹുവിന്റെ ഈ വചനത്തിന്റെ ആശയം അവർക്ക് അവിടെ വെച്ച് മനസ്സിലാകും.

وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِن دُونِ اللَّهِ شُرَكَاءَ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾

"അല്ലാഹുവിന് പുറമെ പങ്കാളികളെ വിളിച്ചുപ്രാർഥിക്കുന്നവർ എന്തൊന്നിനെയാണ് പിൻപറ്റുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്. അവർ അനുമാനിച്ച് പറയുക മാത്രമാണ് ചെയ്യുന്നത്"(10:66).

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ إِلَىٰ يَوْمِ الْقِيَامَةِ

"അല്ലാഹുവിന് പുറമെ ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്. അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു" (46:5).

75) നരകക്കാരോട് പറയപ്പെടും (അത്) നിങ്ങൾ അനുഭവിക്കുന്ന ശിക്ഷ. (ന്യായമില്ലാതെ ഭൂമിയിൽ ആഹ്ലാദംകൊണ്ടിരുന്നതിന്റെയും ഗർവ് നടിച്ചിരുന്നതിന്റെയും ഫലമത്രെ) നിങ്ങളുടെ തെറ്റായ നിലപാടുകളിലും ദൈവിക വിജ്ഞാനങ്ങൾക്ക് വിരുദ്ധമായ അറിവുകളിലും നിങ്ങൾ ആഹ്ലാദം കൊണ്ടു. അക്രമയും അനീതിയും അനുസരണക്കോടും ശത്രുതയും

കൊണ്ട് അല്ലാഹുവിന്റെ നല്ല ദാസന്മാർക്കുനേരെ നിങ്ങൾ ധിക്കാരം കാണിച്ചു. അതാണല്ലാഹു ഈ വചനത്തിന്റെ അവസാനം പറഞ്ഞത്: (അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവും കൊണ്ട് അവരുടെ അടുത്തുചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുക യാണ് ചെയ്തത്) ക്വാറൂനിന്റെ ജനത അദ്ദേഹത്തോ ട് പറഞ്ഞതും ഇതുതന്നെയാണ്.

لَا تَفْرَحْ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ

"നീ പുളകംകൊള്ളേണ്ട. പുളകംകൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല" (23:76).

ഈ ആഹ്ലാദം വിരോധിക്കപ്പെട്ടതും ശിക്ഷാർഹ വുമാണ്. അനുവദനീയമായ മറ്റൊരു ആഹ്ലാദത്തെ ക്കുറിച്ച് അല്ലാഹുതന്നെ പറയുന്നുണ്ട്.

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا

"പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാ ദിച്ചു കൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമാ യിട്ടുള്ളത്" (10:58).

ഈ സന്തോഷം പ്രയോജനകരമായ വിജ്ഞാനം കൊണ്ടും സൽകർമങ്ങളെക്കൊണ്ടുമാണ്.

76) (നരകത്തിന്റെ കവാടങ്ങളിലൂടെ നിങ്ങൾ കടന്നുകൊള്ളുക) കർമങ്ങളുടെ കണക്കനുസരിച്ചും ഓരോരുത്തരുടെയും പദവി അനുസരിച്ചും. (അതിൽ നിത്യവാസികളെന്ന നിലയിൽ) ഒരിക്കലും അതിൽനി ന്നവർ പുറത്തുവരികയില്ല. (അഹങ്കാരികളുടെ പാർ പ്പിടം ചീത്തതന്നെ) അപമാനിതരാകുന്ന, നിസ്സാര രാകുന്ന, ബന്ധനസ്ഥരാകുന്ന, പീഡിതരാകുന്ന, പാർപ്പിടം. കൊടുംതണുപ്പിനും ചൂടിനും ഇടയിൽ അവർ മാറ്റിയിടപ്പെട്ടുകൊണ്ടിരിക്കും.

77) (അതിനാൽ നീ ക്ഷമിക്കുക). പ്രവാചകരേ, നിന്റെ ജനതയുടെ പ്രബോധനത്തിലും അതുമൂലമു ണ്ടാകുന്ന പ്രയാസങ്ങളിലും വിശ്വാസത്തെ മുൻനിർ ത്തി ക്ഷമയോടെ അല്ലാഹുവോട് സഹായം തേടുക. (അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു) തന്റെ മതത്തെ അവൻ സഹായിക്കും. അവന്റെ വചനം ഉന്നതമാകും. അവന്റെ ദൂതർ ഇഹത്തിലും പരത്തി ലും വിജയിക്കും. രണ്ട് ലോകത്തും നിന്റെ ശത്രു ക്കൾക്ക് ശിക്ഷ ലഭിക്കാനും നിനക്ക് പ്രാർഥിക്കാം. അതാണല്ലാഹു പറഞ്ഞത്: (നാം അവർക്ക് താക്കീത് നൽകുന്ന ശിക്ഷയിൽ ചിലത് നിനക്ക് നാം കാണി ച്ചുതരുന്നതായാലും) ഇഹലോകത്ത് തന്നെ. അത് (നിന്നെ മരിപ്പിക്കുന്നതായാലും) അവരുടെ ശിക്ഷ യ്ക്ക് മുമ്പ്. (നമ്മുടെ അടുത്തേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നത്) അപ്പോൾ അവരുടെ ചെയ്തികൾക്ക് പ്രതിഫലം ലഭിക്കും.

وَلَا تَحْسَبَنَّ اللَّهَ غَافِلًا عَمَّا يَعْمَلُ الظَّالِمُونَ

"അക്രമികൾ പ്രവർത്തിക്കുന്നതിനെക്കുറി ച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ വിചാരിക്കരു ത്" (14:42).

78) തുടർന്ന് സഹോദരങ്ങളായ മറ്റ് പ്രവാചകന്മാ രെക്കുറിച്ച് പറഞ്ഞ് ആശ്വസിപ്പിക്കുകയും ക്ഷമക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു: (നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്; അസത്യവാദികളി ലേക്ക്). അതായത്, ധാരാളം പ്രവാചകന്മാരെ തങ്ങ ളുടെ ജനതയിലേക്ക് അയക്കുകയുണ്ടായി. അവർ അവരെ പ്രബോധനം ചെയ്യുകയും അതുമൂലമുണ്ടായ പ്രയാസങ്ങളിൽ ക്ഷമ അവലംബിക്കുകയും ചെയ്തു. (അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നി ട്ടുണ്ട്). അവരുടെ വിവരങ്ങൾ. (അവരിൽ ചിലരെപ്പ റ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല) അവർക്ക് സ്വ ന്തമായി യാതൊന്നും ചെയ്യാനാവില്ല. അവരെല്ലാം നിയന്ത്രിക്കപ്പെടുന്നവരാണ്.

(യാതൊരു ദൂതനും അല്ല) അവരിൽ പെട്ട. (ഒരു ദൃഷ്ടാന്തംകൊണ്ട് വരാനാവില്ല) ചിന്തിക്കാവുന്നതോ കേൾക്കാവുന്നതോ ആയ വല്ല ദൃഷ്ടാന്തവും. (അല്ലാ ഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ) അവന്റെ നിർദേശവും ഉദ്ദേശ്യവും വേണം. പ്രവാചകന്മാർ സ്വന്തമായി ദൃഷ്ടാന്തങ്ങൾ ഉണ്ടാക്കാൻ കഴിവുള്ള വരാണെന്നത് അനീതിപരമായ ഒരു ആരോപണം മാത്രമാണ്. അവർ കൊണ്ടുവന്നതിന്റെ സത്യത തെളി യിക്കാവുന്ന ദൃഷ്ടാന്തങ്ങൾ അവർ അവർക്ക് കാണിച്ചു കൊടുത്തിട്ടുണ്ട്. (എന്നാൽ അല്ലാഹുവിന്റെ കൽപന വന്നാൽ) പ്രവാചകന്മാർക്കും ശത്രുക്കൾക്കുമിടയിൽ ആരു വിജയിക്കണമെന്ന തീരുമാനത്തിന്റെ കൽപന. (വിധിക്കപ്പെടും) അവർക്കിടയിൽ. (ന്യായപ്രകാരം) അത് അതിന്റെ സമയത്ത് സംഭവിക്കും. പ്രവാചകന്മാ രെയും അനുയായികളെയും രക്ഷപ്പെടുത്തിക്കൊ ണ്ടും ശത്രുക്കളെ നശിപ്പിച്ചുകൊണ്ടും യഥാർഥ സത്യം പുലരും. അതാണല്ലാഹു പറഞ്ഞത്: (അവിടെ നഷ്ട ത്തിലാവുകയും ചെയ്യും) പ്രസ്തുത തീരുമാനത്തിന്റെ സമയം. (അസത്യവാദികൾ) അവരുടെ പേരുതന്നെ അസത്യസാദികൾ എന്നാണ്. അവർ കൊണ്ടുവന്ന വിജ്ഞാനവും പ്രവൃത്തിയും അസത്യത്തിന്റേതു തന്നെ. അവരുടെ ഉദ്ദേശ്യലക്ഷ്യവും അസത്യമായ താണ്. അതിനാൽ ഇവർ ഭയപ്പെടട്ടെ. ഈ അസത്യ ത്തിൽ തുടരുന്നതിനെ. അങ്ങനെയായാൽ ഇവരും നഷ്ടത്തിലാവും. അവർ നഷ്ടത്തിലായതുപോലെ. ഇവരിൽ ഒരു നന്മയും ഇല്ല. വേദംകൊണ്ട് വിജയി ക്കാനും ഇവർക്കാവില്ല.

# നാം ഇന്ത്യക്കാർ

വി. വി. ബഷീർ, വടകര

ഇന്ത്യയെന്ന രാജ്യമിങ്ങനെ-
യായതിൽ കഥയുണ്ട്
ഓർത്തിരുന്നാൽ വേദനിക്കും
ത്യാഗചരിതമതുണ്ട്.
കച്ചവടത്തിന്നു കോപ്പ്
കൂട്ടിവന്നവരന്ന്
നാട്ടിലുള്ള സ്വത്തെല്ലാം
കൊള്ളയടിച്ചന്ന്.
സ്വസ്ഥരായ് കഴിഞ്ഞിരുന്ന
പൂർവികരായുള്ളോർ
കോർത്തുവച്ച സ്നേഹമാല
തകർത്തു വെള്ളക്കാര്.
പൈതൃകം കാത്തുള്ള നാട്ടിൽ
ജാതി വിത്തിട്ടോവർ,
കൊയ്തു വിണ്ണിൽ ചോരചിന്തി-
യമർത്തി നന്മകൾ പാരിൽ.
പൊരുതി നമ്മൾ ഐക്യമോടെ
മോചനത്തിന്നായി
നൽകി രക്തം വീരശൂരർ
ജൻമ നാടിന്നായി.
നമ്മളൊന്നാണെന്ന മുദ്രാ-
വാക്യമിൽ അണിചേരാം
ഒത്തൊരുമയോടെ നാട്ടിൽ
സ്വസ്ഥമായ് വസിക്കാം.



ലേഖനം



# ദൃഷ്ടാന്തങ്ങൾ: പ്രകൃതിയിലും മനുഷ്യരിലും

ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 07

ഷാഹുൽ പാലക്കാട്
:97478 90521

### E45. പർവതങ്ങൾ

"ഭൂമിയെ നാം വിരിപ്പും പർവതങ്ങളെ ആണി(ഔതാദ്)കളുമാക്കിയില്ലേ?" (ക്വുർആൻ 78:6).

'ഔതാദ്' എന്നാൽ ആണി, കുറ്റി എന്നൊക്കെയാണ് അർഥം. ഇവിടെ പർവതങ്ങൾ ഭൂമിക്ക് ആണികളാണ് എന്നാണ് ക്വുർആൻ വിശേഷിപ്പിക്കുന്നത്. ആണിയെന്നാൽ ഉറപ്പായും അതിന്റെ വേരുകൾ ഭൂമിയിലേക്ക് ആഴ്ന്നിരിക്കണം. ഇവിടെ ഒരു ജിയോളജി ടെക്സ്റ്റ് ബുക്കിലെ ഒരു ഭാഗത്ത് ഇങ്ങനെ കാണാം: "ഏറ്റവും പ്രധാനപ്പെട്ട കാര്യം, പർവതങ്ങൾക്ക് താഴേക്ക് വ്യാപിക്കുന്ന വേരുകളുണ്ട്, വേരുകൾ പൊതുവെ, ശ്രേണിയുടെ ഉയരത്തെക്കാൾ 5-6 മടങ്ങ് ആഴത്തിലെത്തിയിരിക്കും" (http://www.geology.wisc.edu/ chuck/Classes/Mtn and Plates/ mtn roots.html).

ക്വുർആൻ ദൈവത്തിങ്കൽ നിന്നുമല്ലായിരുന്നെങ്കിൽ ആധുനിക ഗവേഷണ ഫലങ്ങളുമായുള്ള ഈ ഉൾച്ചേർച്ച സാധ്യമല്ല.

### E46. ബീജസങ്കലനം

കൂടിച്ചേർന്നുണ്ടായ 'നുത്ഫ' യാണ് ശിശുനിർമിതിക്ക് നിമിത്തമാവുന്നതെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ക്വുർആൻ പറയുന്നത് നോക്കുക: "നുത്ഫതുൻ അംശാജിൽ (കൂട്ടിച്ചേർന്നുണ്ടായ ബീജം) നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാൻ. അങ്ങനെ നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കിയിരിക്കുന്നു" (76:2).

പുരുഷ-സ്ത്രീ സ്രവങ്ങളുടെ സംയോജനത്തിൽനിന്നാണ് കുഞ്ഞുണ്ടാകുന്നതെന്ന വസ്തുത പ്രവാചകൻ(സ്വ) വ്യക്തമായി പറയുന്ന ഹദീസും സ്വഹീഹു മുസ്‌ലിമിൽ കാണാം.

പുരുഷന്റെ നുത്ഫയും സ്ത്രീയുടെ നുത്ഫയും കൂടിച്ചേർന്നുണ്ടാകുന്ന നുത്ഫയെക്കുറിച്ചാണ് ക്വുർആനിൽ 'നുത്ഫതുൻ അംശാജ്' എന്ന് പറഞ്ഞിരിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. പ്രത്യുല്പാദനത്തെയും കുഞ്ഞിന്റെ ലിംഗനിർണയം, വിധി എന്നിവയെയുമെല്ലാം കുറിച്ച് പ്രതിപാദിക്കുന്ന ഹദീസുകളിലും സ്ത്രീ-പുരുഷ സ്രവങ്ങളുടെ സംയോജനത്തെക്കുറിച്ച പരാമർശങ്ങൾ കാണാം. കുഞ്ഞിന്റെ രൂപപ്പെടലിനെ സംബന്ധിച്ച നിരവധി മിത്തുകൾ നിലനിന്നിരുന്ന ലോകത്താണ് ക്വുർആനിന്റെ കൃത്യമായ വിവരണം വരുന്നത്. ആർത്തവരക്തം കട്ടപിടിച്ചാണ് കുഞ്ഞുണ്ടാവുന്നത് എന്നും, ആൺബീജമോ പെൺബീജമോ മാത്രമാണ് കുഞ്ഞുണ്ടാകുന്നതിൽ പങ്കുവഹിക്കുന്നത് എന്നുമൊക്കെയുള്ള നിരവധി പ്രാചീന വീക്ഷണങ്ങൾ നിലനിന്നിരുന്നു. അവയ്ക്ക് നടുവിൽ നിന്നാണ് സ്ത്രീ -പുരുഷ ബീജ സംയോജനത്തെയും സിക്താണ്ഡത്തെ സംബന്ധിച്ചും ക്വുർആൻ പറഞ്ഞത്. ആ പദാവലി ശാസ്ത്രീയമായ കൃത്യത ഉൾക്കൊള്ളുന്നു എന്ന് ഇന്ന് നമുക്കറിയാം.

### E47. അടിമ സ്ത്രീ ഉടമക്ക് ജന്മം നൽകും

ലോകാവസാനത്തിന്റെ അടയാളങ്ങളിൽ ഒന്ന് 'അടിമസ്ത്രീ അവളുടെ ഉടമക്ക് ജന്മം നൽകുന്നതാകും' എന്നതാണ് (മുസ്‌ലിം).

ഈ ഹദീസിന് വ്യത്യസ്ത വ്യാ

**പുരുഷന്റെ നുത്ഫ്ഫയും സ്ത്രീയുടെ നുത്ഫ്ഫയും കൂടിച്ചേർന്നുണ്ടാകുന്ന നുത്ഫ്ഫയെക്കുറിച്ചാണ് ക്വുർആനിൽ 'നുത്ഫതുൻ അംശാജ്' എന്ന് പറഞ്ഞിരിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. പ്രത്യുല്പാദനത്തെയും കുഞ്ഞിന്റെ ലിംഗനിർണയം, വിധി എന്നിവയെയുമെല്ലാം കുറിച്ച് പ്രതിപാദിക്കുന്ന ഹദീസുകളിലും സ്ത്രീ-പുരുഷ സ്രവങ്ങളുടെ സംയോജനത്തെക്കുറിച്ച പരാമർശങ്ങൾ കാണാം. കുഞ്ഞിന്റെ രൂപപ്പെടലിനെ സംബന്ധിച്ച നിരവധി മിത്തുകൾ നിലനിന്നിരുന്ന ലോകത്താണ് ക്വുർആനിന്റെ കൃത്യമായ വിവരണം വരുന്നത്. ആർത്തവരക്തം കട്ടപിടിച്ചാണ് കുഞ്ഞുണ്ടാവുന്നത് എന്നും, ആൺബീജമോ പെൺബീജമോ മാത്രമാണ് കുഞ്ഞുണ്ടാകുന്നതിൽ പങ്കുവഹിക്കുന്നത് എന്നുമൊക്കെയുള്ള നിരവധി പ്രാചീന വീക്ഷണങ്ങൾ നിലനിന്നിരുന്നു. അവയ്ക്ക് നടുവിൽ നിന്നാണ് സ്ത്രീ -പുരുഷ ബീജ സംയോജനത്തെയും സിക്താണ്ഡത്തെ സംബന്ധിച്ചും ക്വുർആൻ പറഞ്ഞത്. ആ പദാവലി ശാസ്ത്രീയമായ കൃത്യത ഉൾക്കൊള്ളുന്നു എന്ന് ഇന്ന് നമുക്കറിയാം.**

ഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ആധുനിക ലോകത്ത് കാണുന്ന വാടക ഗർഭധാരണ രീതിയായും ഇതിനെ കാണാവുന്നതാണ്. കാശുള്ളവർ സ്വന്തം മക്കളെ ഗർഭം ചുമക്കുന്നത് പോലും അമിതഭാരമായി കാണുകയും, കുഞ്ഞിനെ ഗർഭം ധരിക്കാൻ സ്ത്രീകളെ വാടകക്ക് എടുക്കുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. മറ്റൊരു ദമ്പതികളുടെ ഭ്രൂണത്തെ സ്വന്തം ഗർഭപാത്രത്തിൽ വഹിച്ച് പ്രസവിക്കുകയും തുടർന്ന് നവജാതശിശുവിനെ ദമ്പതികൾക്ക് തിരിച്ചേൽപിക്കുകയും ചെയ്യുന്നതിനെയാണ് 'വാടക ഗർഭധാരണം' അഥവാ 'സറോഗസി' എന്ന് പറയുന്നത്. രണ്ടുതരത്തിലാണ് ഇത്തരം ഗൽഭധാരണം നടക്കുന്നത്. വാടകക്കെടുക്കപ്പെടുന്ന സ്ത്രീയുടെതന്നെ അണ്ഡവും കുഞ്ഞിനെ ആവശ്യമുള്ള ദമ്പതിമാരിൽ പുരുഷന്റെ ബീജവും സംയോജിപ്പിച്ചുണ്ടാവുന്ന കുഞ്ഞിനെ പ്രസവിക്കുന്ന പഴയരീതിയാണ് ഇതിലൊന്ന്. ഈ രംഗത്ത് വൈദ്യശാസ്ത്രത്തിന്റെ കുതിച്ചോട്ടത്തോടെയാണ് രണ്ടാമത്തെ രീതി രംഗത്തുവന്നത്. കുഞ്ഞിനെ ആവശ്യമുള്ള ദമ്പതിമാരുടെ അണ്ഡവും ബീജവും സംയോജിപ്പിച്ചശേഷം ഗർഭം ധരിക്കാനും പ്രസവിക്കാനും തയ്യാറുള്ള സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയും തുടർന്ന് പ്രസവശേഷം കുഞ്ഞിനെ അതിന്റെ മാതാപിതാക്കൾക്ക് കൈമാറുകയും ചെയ്യുന്നതാണ് 'ഗെസ്റ്റേഷനൽ സറോഗസി' എന്നറിയപ്പെടുന്ന പുതിയ രീതി. സമ്പന്നന്റെ കുഞ്ഞിനെ കാശിനുവേണ്ടി ഗർഭം ചുമക്കുകയും പ്രസവിക്കുകയും ചെയ്യുന്ന ആധുനികരീതി പ്രവാചക വചനവുമായി യോജിക്കുന്നു.

### E48. രണ്ട് രക്തസാക്ഷികൾ

ഉമർ(റ), ഉസ്മാൻ(റ), അബൂബക്ർ സ്വിദ്ദീക്(റ) എന്നിവരുമായി പ്രവാചകൻ(സ്വ) ഒരിക്കൽ ഉഹുദ് മല കയറുന്ന സന്ദർഭത്തിൻ പർവതം ഒന്ന് ഉലയുകയുണ്ടായി. അന്നേരം പ്രവാചകൻ(സ്വ) ഇങ്ങനെ പറഞ്ഞു: "ഇളകാതിരിക്കൂ ഉഹുദ്! നിനക്ക് മുകളിൽ ഇപ്പോൾ ഉള്ളത് ഒരു പ്രവാചകനും ഒരു സ്വിദ്ദീഖും രണ്ട് രക്തസാക്ഷികളുമാണ്"(ബുഖാരി).

നബി(സ്വ) ഇവിടെ തന്നെയും സ്വിദ്ദീകിനെയും(റ) പേരെടുത്ത് പറയുന്നു. എന്നാൽ ഉസ്മാൻ(റ), ഉമർ(റ) എന്നിവരെ രണ്ട് രക്തസാക്ഷികൾ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ഖലീഫമാരുടെ ഭരണകാലത്ത് രണ്ടുപേരും രക്തസാക്ഷികളായതിനു ചരിത്രം സാക്ഷിയാണ്. ഇവർ ഭാവിയിൽ രക്തസാക്ഷികളാകും എന്ന് നബി(സ്വ) മുൻകൂട്ടി അറിഞ്ഞത് എങ്ങനെയാണ്? അല്ലാഹു അറിയച്ചതു കൊണ്ട് എന്നു വ്യക്തം.

### E49. വെള്ളം കുടിക്കുമ്പോൾ.

ഒറ്റശ്വാസത്തിൽ വെള്ളം കുടിക്കരുതെന്നും രണ്ടോ മൂന്നോ വട്ടമായി നിർത്തി നിർത്തി കുടിക്കണമെന്നും നബി(സ്വ) നിർദേശിച്ചതായി കാണാം.(രിയാദുസ്സ്വാലിഹീൻ).

അൽപാൽപമായി നിർത്തി മാത്രം വെള്ളം കുടിക്കുക എന്നത് ഇന്ന് വൈദ്യശാസ്ത്രം നൽകുന്ന ഉപദേശമാണ്. പൊടുന്നനെ വെള്ളം കുടിക്കുമ്പോൾ മനുഷ്യന്റെ ആന്തരികാവയവങ്ങൾക്ക് ക്ഷതം ഉണ്ടാകുമെന്നതാണ് കാരണം. അൽപമായി വെള്ളം കുടിക്കുമ്പോൾ ആദ്യം കരൾ ഉണരുകയും ജലത്തെ സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. ഉമിനീർ കലരാതെ നേരിട്ട് പൊടുന്നനെ തൊണ്ടയിലേക്ക് ഒഴിക്കുന്നത് ദഹന സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നു. അമിതമായി വെള്ളം വേഗത്തിൽ കുടിക്കുന്നത് കിഡ്നിയെ ബാധിക്കുന്നു. അത് hyponatremia എന്ന രോഗാവസ്ഥക്ക് കാരണമാകുന്നു. വെള്ളം സിപ് ചെയ്ത് പതുക്കെ കുടിക്കുക എന്ന ആധുനിക വൈദ്യശാസ്ത്ര ഉപദേശം തന്നെ നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു മനുഷ്യന് നൽകാൻ കഴിഞ്ഞത് എങ്ങനെയാകും?

### E50. ഇരുന്നു കുടിക്കുക

അനസ്(റ) നിവേദനം: 'നബി(സ്വ) നിന്നുകൊണ്ട് വെള്ളം കുടി

ക്കുന്നത് നിരോധിച്ചിരിക്കുന്നു' (മുസ്ലിം).

ഇരുന്നുകൊണ്ട് വെള്ളം കുടിക്കുക എന്നതും ഒരു ആധുനിക വൈദ്യശാസ്ത്ര ഉപദേശമാണ്. വെള്ളം നിന്ന് കുടിക്കുന്നത് വേഗതയിൽ ഫുഡ് കനാലിലൂടെ അത് കടന്നുപോകുന്നതിനും ശക്തമായി പതിക്കുന്നതിനും കാരണമാകുന്നു. കാലക്രമേണ ഇത് വിവിധ ആന്തരികഭാഗങ്ങൾക്ക് ക്ഷതമേൽപിക്കുന്നു.

കരളിലേക്കോ ദഹനനാളത്തിലേക്കോ വേണ്ട ജലം ഇതിനാൽ ആവശ്യത്തിന് ലഭിക്കാതെ വരുന്നു. ഇതുമൂലം ഓക്സിജൻ ലെവൽ അവതാളത്തിലാകുന്നു. അത് ശ്വാസകോശത്തെയും ഹൃദയത്തെയും ബാധിച്ചേക്കാം. വൃക്കകളിൽ ശുദ്ധീകരണ പ്രക്രിയ കൃത്യമായി നടക്കുന്നതും ഇരുന്ന് കുടിക്കുമ്പോഴാണ്.

ശാസ്ത്രം പഠിക്കാത്ത പ്രവാചകൻ(സ്വ) എങ്ങനെയാണ് കൃത്യമായി ഇത് മനസ്സിലാക്കിയത്?

**ഒറ്റശ്വാസത്തിൽ വെള്ളം കുടിക്കരുതെന്നും രണ്ടോ മൂന്നോ വട്ടമായി നിർത്തി നിർത്തി കുടിക്കണ മെന്നും നബി(സ്വ) നിർദേശിച്ചതായി കാണാം.(രിയാദുസ്സ്വാലിഹീൻ). അൽപാൽപമായി നിർത്തി മാത്രം വെള്ളം കുടിക്കുക എന്നത് ഇന്ന് വൈദ്യശാസ്ത്രം നൽകുന്ന ഉപദേശമാണ്. പൊടുന്നനെ വെള്ളം കുടിക്കുമ്പോൾ മനുഷ്യന്റെ ആന്തരികാവയവങ്ങൾക്ക് ക്ഷതം ഉണ്ടാകുമെന്നതാണ് കാരണം. അൽപമായി വെള്ളം കുടിക്കുമ്പോൾ ആദ്യം കരൾ ഉണരുകയും ജലത്തെ സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. ഉമിനീര് കലരാതെ നേരിട്ട് പൊടുന്നനെ തൊണ്ടയിലേക്ക് ഒഴിക്കുന്നത് ദഹന സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നു. അമിതമായി വെള്ളം വേഗത്തിൽ കുടിക്കുന്നത് കിഡ്നിയെ ബാധിക്കുന്നു. അത്** hyponatremia **എന്ന രോഗാവസ്ഥക്ക് കാരണമാകുന്നു.**



### E51. മസ്ജിദുകളുടെ വ്യാപനം

അനസുബ്നു മാലിക്(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞിരിക്കുന്നു: "അന്ത്യനാൾ സംഭവിക്കുകയില്ല; ജനങ്ങൾ പള്ളികളുടെ (മസ്ജിദ്) നിർമാണത്തിൽ മത്സരിക്കുന്നതുവരെ" (ഇബ്നുമാജ).

ഈന്തപ്പനയോല കൊണ്ടു മേഞ്ഞ ഒരു മസ്ജിദ് നിർമിക്കുന്നത് പോലും അത്യന്തം ദുഷ്കരമായിരുന്ന ഒരു ഭൂമികയിൽനിന്നാണ് പ്രവാചകൻ(സ്വ) ഇത് പറയുന്നത്. ഇത് യാഥാർഥ്യമാകണമായിരുന്നുവെങ്കിൽ ചില കാര്യങ്ങൾ കൂടി സംഭവിക്കണമായിരുന്നു:

1. ഇസ്ലാം വിജയിക്കണം. മുസ്ലിംകൾ അവസാന കാലംവരെ നിലനിൽക്കണം, വ്യാപകമാകണം.
2. അവർ സാമ്പത്തികമായ ഉന്നതിയിൽ എത്തണം.
3. അവർക്ക് നല്ല മതപ്രതിപത്തിയുണ്ടാകണം.
4. മസ്ജിദ് നിർമാണം കൂടുതൽ എളുപ്പമാകണം.

മസ്ജിദ് നിർമാണത്തിലുള്ള ഈ അധികരണം ഭൂമിയുടെ മിക്ക ഭാഗങ്ങളിലും ഇന്ന് ദൃശ്യമാണ്. സുഊദി അറേബ്യയിൽ ഒരു ഇടവഴിയുടെ രണ്ടറ്റങ്ങളിലായി പോലും മസ്ജിദുകൾ കാണാം. കേരളത്തിൽ ഒരു ഗ്രാമത്തിൽ പോലും രണ്ടോ മൂന്നോ മസ്ജിദുകൾ കാണാൻ തുടങ്ങി. സംഘടനകളുടെ ആധിക്യവും ഇതിനൊരു കാരണമാണ്.

### E52. ബഹു പ്രപഞ്ചങ്ങൾ

ഈ ലോകമല്ലാതെ വ്യത്യസ്ത നിയമങ്ങൾ പിൻപറ്റുന്ന മറ്റു നിരവധി ലോകങ്ങൾ ഉണ്ടെന്നതിലേക്കുള്ള സൂചന കൂടി ക്വുർആൻ നൽകുന്നുണ്ട്.

"അങ്ങനെ രണ്ടുദിവസ(ഘട്ട)ങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു" (41:12).

ഉപരിലോകങ്ങളെയും പ്രപഞ്ചത്തെതന്നെയും 'അസ്സമാഅ്' എന്ന് വിശേഷിപ്പിക്കാം. ഈ സ്വഭാവത്തിൽ വ്യത്യസ്തമായ മറ്റു ലോകങ്ങൾ ഉണ്ടെന്നും അവയ്ക്ക് ദൈവം നിശ്ചയിച്ചത് വേറെ നിയമങ്ങളാണെന്നും ഈ സൂക്തത്തിൽ നിന്നും അനുമാനിക്കാം. അരിസ്റ്റോട്ടിലിന്റെ ഭൗമകേന്ദ്രീകൃത പ്രപഞ്ചമാതൃക പന്ത്രണ്ടാം നൂറ്റാണ്ടിൽതന്നെ ക്വുർആനിനെ ആധാരമാക്കി ഇസ്ലാമിക ലോകത്ത് വിമർശനവിധേയമായിട്ടുണ്ട്.

സർവലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു സർവസ്തുതിയും എന്ന ക്വുർആൻ വാക്യത്തിൽ നിന്നും ഒരു പ്രപഞ്ചത്തിൽതന്നെ ഒരുപാട് ലോകങ്ങളോ, അല്ലെങ്കിൽ പ്രപഞ്ചങ്ങൾ തന്നെയോ ഒരുപാട് ഉണ്ടാവുമെന്ന് വിശദീകരിച്ചാണ് ഭൂമിയെ ചുറ്റിയുള്ള ഏകപ്രപഞ്ചമെന്ന അരിസ്റ്റോട്ടിൽ മാതൃകയെ ഫക്രുദ്ദീനു റാസി (1149-1209) നിഷേധിക്കുന്നത്. (Adi Setia 2004, "Fakhr Al-Din Al-Razi on Physics and the Nature of the Physical World: A Preliminary Survey," Islam & Science, 2). ബഹുപ്രപഞ്ചങ്ങൾ വ്യത്യസ്ത ഭൗതിക നിയമങ്ങളാൽ നിലനിൽക്കുകയെന്നത് ആധുനിക ശാസ്ത്ര രംഗത്ത് നിഷേധിക്കാൻ കഴിയാത്തൊരു അനുമാനമാണ്. Eternal inflation model മുതൽ String theory വരെ അതിനുള്ള സാധ്യതകളെ മനസ്സിലാക്കിത്തരുന്നുമുണ്ട്.

**E53: ആകാശത്തിന്റെ ഇടുക്കവും ഞെരുക്കവും**

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നു കൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു"(6:125).

ഒരു തരത്തിലും ഉപരിലോകത്തിന്റെ സ്വഭാവമറിയാത്ത ഒരു കാലഘട്ടത്തിലാണ് ക്വുർആനിലെ ഈ വചനം അവതരിക്കുന്നത്. ഉപരിലോകത്തേക്ക് കയറുന്നവൻ അനുഭവിക്കുന്ന പോലെയുള്ള ഇടുക്കം എന്ന പ്രയോഗം ഇവിടെ കാണാം. ഒരു പരിധിക്കപ്പുറം ഉയരത്തിൽ അന്തരീക്ഷ മർദം വർധിക്കുകയും, ഓക്സിജന്റെ അളവ് കുറഞ്ഞുവരികയും ചെയ്യുന്നു. ഇതുമൂലം രക്തസമ്മർദം വർധിക്കുകയും ശ്വാസം മുട്ടലും ഇടുക്കവും ഞെരുക്കവും അനുഭവിക്കേണ്ടതായും വരുന്നു. എവറസ്റ്റിന്റെ ഉയരത്തിൽ മനുഷ്യന് കൃത്രിമ ശ്വസനമാർഗങ്ങളില്ലാതെ പോകാൻ കഴിയാതിരിക്കുന്നത് ഇതിനാലാണ്. എന്നാൽ ആധുനിക ലോകത്തെ ഈ അറിവ് എങ്ങനെയാണ് ക്വുർആനിൽ ഇടംപിടിച്ചത്? ഉപരിലോകത്തെ അന്തരീക്ഷം ഭൂമിയിൽനിന്നും വ്യത്യസ്തമാണ് എന്ന് പ്രവാചകൻ(സ്വ) അറിഞ്ഞത് എങ്ങനെയാവും? അത് ഞെരുക്കം ഉണ്ടാക്കും എന്നെങ്ങനെ പറഞ്ഞു? മുഹമ്മദ്(സ്വ) ദൈവത്താൽ നിയോഗിതനായ പ്രവാചകനാണ് എന്ന വിശദീകരണത്തിന് മാത്രമാണ് ഇതിനുത്തരം നൽകാനാവുക.



**"**

**അനസുബ്നു മാലിക്(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞിരിക്കുന്നു: "അന്ത്യനാൾ സംഭവിക്കുകയില്ല; ജനങ്ങൾ പള്ളികളുടെ (മസ്ജിദ്) നിർമാണത്തിൽ മത്സരിക്കുന്നതുവരെ'' (ഇബ്നുമാജ). ഈന്തപ്പനയോല കൊണ്ടു മേഞ്ഞ ഒരു മസ്ജിദ് നിർമിക്കുന്നത് പോലും അത്യന്തം ദുഷ്കരമായിരുന്ന ഒരു ഭൂമികയിൽനിന്നാണ് പ്രവാചകൻ(സ്വ) ഇത് പറയുന്നത്. മസ്ജിദ് നിർമാണത്തിലുള്ള ഈ അധികരണം ഭൂമിയുടെ മിക്ക ഭാഗങ്ങളിലും ഇന്ന് ദൃശ്യമാണ്. സുഊദി അറേബ്യയിൽ ഒരു ഇടവഴിയുടെ രണ്ടറ്റങ്ങളിലായി പോലും മസ്ജിദുകൾ കാണാം. കേരളത്തിൽ ഒരു ഗ്രാമത്തിൽ പോലും രണ്ടോ മൂന്നോ മസ്ജിദുകൾ കാണാൻ തുടങ്ങി. സംഘടനകളുടെ ആധിക്യവും ഇതിനൊരു കാരണമാണ്.**

ദൈവത്തിൽ വിശ്വസിക്കാത്തവരുടെ മനസ്സിന് അനുഭവിക്കേണ്ടിവരുന്ന ഇടുക്കവും ഞെരുക്കവുമാണ് സൂക്തത്തിൽ പരാമർശവിഷയം. മനുഷ്യ മനഃശാസ്ത്ര പഠനങ്ങൾ ദൈവവിശ്വാസം മനുഷ്യന് അനിവാര്യമാണ് എന്നും നാസ്തികത വിഷാദരോഗത്തിലേക്കും മാനസിക തകർച്ചയിലേക്കും വഴിയ്ക്കുന്നതായും പഠനങ്ങൾ പറയുന്നു. മാനസികമായ ഞെരുക്കങ്ങൾ അവർക്ക് അനുഭവിക്കേണ്ടിവരുന്നു.

"Scientific research in psychology over the past twenty-five years has demonstrated that religious belief is one of the most consistent correlates of overall mental health and happiness." (Glynn, God: The Evidence, The Reconciliation of Faith and Reason in a Postsecular World, 60-61)

"മൊത്തത്തിലുള്ള മാനസികാരോഗ്യത്തിന്റെയും സന്തോഷത്തിന്റെയും ഏറ്റവും സ്ഥിരതയുള്ള പരസ്പര ബന്ധങ്ങളിലൊന്നാണ് മതവിശ്വാസമെന്ന് കഴിഞ്ഞ ഇരുപത്തഞ്ചു വർഷമായി മനഃശാസ്ത്രത്തിലെ ശാസ്ത്രീയ ഗവേഷണം തെളിയിച്ചിട്ടുണ്ട്.''

*(തുടരും)*



ലേഖനം

“ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ മനുഷ്യരെയെല്ലാം ഒരു ദിവസം ഒരുമിച്ചു കൂട്ടുന്നതാകുന്നു. അതിൽ യാതൊരു സംശയവുമില്ല. നിശ്ചയമായും അല്ലാഹു വാഗ്ദാനം ലംഘിക്കുന്നതല്ല” (ആലുഇംറാൻ 9).

മരണാനന്തര ജീവിതം സത്യമോ മിഥ്യയോ? 07

# മറ്റൊരു തെളിവ്

**മുബാറക് ബിൻ ഉമർ**
: 95391 14860

മണ്ണിൽനിന്ന് ചെടികൾ മുളച്ചുവരുന്നതും കായ്കളും ഫലങ്ങളും ഉണ്ടാകുന്നതും എങ്ങനെയെന്ന് ചിന്തിക്കാനും പഠിക്കാനുമാണ് പിന്നീട് അല്ലാഹു ആവശ്യപ്പെടുന്നത്. നാം സാധാരണ കണ്ടുവരുന്നതു കൊണ്ട് നാമതിനെപ്പറ്റി ചിന്തിക്കാറില്ല.

ഭൂമിയിലെ ഭക്ഷ്യോൽപാദകർ ചെടികളും മരങ്ങളുമാണ്. അതിനെ സംബന്ധിച്ച് ചിന്തിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നത് നോക്കൂ: “എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്ന് ചിന്തിച്ചുനോക്കട്ടെ, നാമാണ് ശക്തിയായി വെള്ളം ചൊരിഞ്ഞു കൊടുത്തതെന്ന്. പിന്നീട് നാം ഭൂമിയെ ഒരു തരത്തിൽ പിളർത്തി. എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു. മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും ഇടതൂർന്ന് നിൽക്കുന്ന തോട്ടങ്ങളും പഴവർഗങ്ങളും പുല്ലും; നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്” (അബസ 24-32).

പൂക്കളിലെ അണ്ഡം വളർന്ന് വിത്തുണ്ടാകുന്നു. ആകൃതിയിലും വലിപ്പത്തിലും നിറത്തിലും വ്യത്യസ്തമാണ് വിത്തുകൾ. എങ്കിലും എല്ലാ വിത്തുകൾക്കും ചില പൊതുഘടനയുണ്ട്. വിത്തിന്റെ പുറത്ത് കട്ടിയുള്ള ഒരാവരണമുണ്ട്. ബീജകവചം എന്നാണിതറിയപ്പെടുന്നത്. ഇതിന്റെ ധർമം വിത്തിന്റെ ഉൾഭാഗങ്ങളെ പൊതിഞ്ഞുസൂക്ഷിക്കുക എന്നതാണ്. ബീജകവചത്തിന്റെ ഒരു ഭാഗത്ത് സൂക്ഷ്മ സുഷിരമുണ്ട്. വിത്ത് മുളക്കുന്നതിനാവശ്യമായ വെള്ളം ഇതിലൂടെ ഉള്ളിലേക്ക് പ്രവേശിക്കും. ബീജകവചത്തിനുള്ളിൽ കാണുന്നതാണ് ഭ്രൂണം. ഭ്രൂണത്തിൽ പ്രധാനമായും ഒന്നോ രണ്ടോ വിത്തിലകളും അവയുമായി ചേർന്ന് ഒരു ഹ്രസ്വദണ്ഡുമാണ്.

ചില വിത്തുകളുടെ ഭ്രൂണത്തിൽ രണ്ട് വിത്തിലകളുണ്ട്. തടിച്ച് മാംസളമായ ഈ വിത്തിലകളിൽ

ആഹാരം സംഭരിക്കപ്പെട്ടിട്ടുണ്ട്. വിത്തിലകളെ ബീജപത്രങ്ങൾ എന്ന് പറയുന്നു. ചില വിത്തുകൾക്ക് ഒരു ബീജപത്രങ്ങൾ മാത്രമെ കാണൂ. ഏക ബീജപത്രികളെന്ന് ഈ ചെടികളെ വിളിക്കുന്നു. ഏക ബീജപത്രികളിൽ ആഹാരം ബീജപത്രങ്ങൾക്ക് പുറത്ത് ബീജാണ്ഡം എന്ന ഭാഗത്ത് സംഭരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ബീജപത്രം വളരെ ലോലവും സൂക്ഷ്മവുമായിരിക്കും. ബീജപത്രവുമായി ചേർന്നിരിക്കുന്ന ഹ്രസ്വദണ്ഡിനെ പ്രാഥമികകാണ്ഡം എന്ന് പറയുന്നു. അതിന്റെ ഒരറ്റം വളർന്ന് വേരായും മറ്റേയറ്റം വളർന്ന് കാണ്ഡമായും തീരുന്നു. വേരാകുന്ന ഭാഗത്തെ ബീജശീർഷമെന്നും പറയും.

വിത്ത് മുളക്കുന്നതിന് ആവശ്യമായ അനുകൂല സാഹചര്യങ്ങൾ ആവശ്യത്തിനുള്ള ജലം, മിതമായ ചൂട്, വായു എന്നിവയാണ്. സൂക്ഷ്മദ്വാരങ്ങളിലൂടെ ജലം ഉള്ളിലേക്ക് പ്രവേശിച്ച് വിത്ത് കുതിരുന്നതോടെ വിത്തുമുളക്കൽ അഥവാ ബീജാങ്കുരണം ആരംഭിക്കുന്നു. ബീജപത്രത്തിലോ ബീജാണ്ഡത്തിലോ സംഭരിച്ചിട്ടുള്ള ആഹാരമുപയോഗിച്ച് ബീജമൂലം പുറത്തുവരുന്നു. അത് ക്രമേണ മണ്ണിലേക്ക് വളർന്നിറങ്ങും. വിത്ത് ഏത് രീതിയിൽ മണ്ണിൽ ഇട്ടാലും കീഴ്പോട്ട് മാത്രമെ വരികയുള്ളൂ. ബീജമൂലം വേരായിത്തീർന്ന ശേഷം ബീജശീർഷം വളർന്ന് കാണ്ഡമായി മണ്ണ് പിളർത്തി മുകളിലേക്ക് വരുന്നു. ഇതുവരെയുള്ള വളർച്ചക്ക് ആവശ്യമായ ആഹാരം വിത്തിലുണ്ടായിരിക്കും. പിന്നീട് തൈച്ചെടിയിൽ ഇലകളുണ്ടാകും. വേര് വലിച്ചെടുക്കുന്ന ജലവും ലവണങ്ങളും ഉപയോഗിച്ച് ഇല ആഹാരം നിർമിക്കുന്നു.

വിത്തുകൾ മുളച്ചു വളർന്നുവരുന്നതിന്റെ തന്നെ ചുരുങ്ങിയ ഒരു വിവരണമാണ് മുകളിൽ കൊടുത്തത്. പതിരായ ഒരു ധാന്യത്തെ മുളപ്പിക്കാൻ മനുഷ്യനെക്കൊണ്ട് കഴിയുമോ? മനുഷ്യരൊന്നടങ്കം പ്രയത്നിച്ചാലും അത് സാധ്യമാകുകയില്ല. സ്രഷ്ടാവാണത് ചെയ്യുന്നത്.

ക്വുർആൻ പ്രസ്താവിക്കുന്നത് കാണുക: "എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്, അതോ, നാമാണോ അത് മുളപ്പിച്ചു വളർത്തുന്നവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ നാം തുരുമ്പാക്കിത്തീർക്കുമായിരുന്നു" (അൽവാക്വിഅ 63-65).

വിത്ത് മുളച്ചു ചെടിയായി, മരമായി, അതിൽനിന്ന് കായ്കനികളും ഫലങ്ങളും ഉണ്ടാകുന്നത് തീർച്ചയായും സങ്കീർണമായ ഒരു പ്രക്രിയയാണ്. സ്രഷ്ടാവിന്റെ സംവിധാനവും നിയന്ത്രണവുമാണ് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഇതൊക്കെ സൃഷ്ടിച്ച് നിയന്ത്രിക്കുന്ന സ്രഷ്ടാവിന് മനുഷ്യരെ മരണശേഷം വീണ്ടും ജീവിപ്പിക്കാനും രക്ഷാശിക്ഷകൾ നടപ്പാകാനും കഴിയും എന്നതിൽ ഒരു സംശയവും വേണ്ട എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

**വിത്ത് മുളച്ചു ചെടിയായി, മരമായി, അതിൽനിന്ന് കായ്കനികളും ഫലങ്ങളും ഉണ്ടാകുന്നത് തീർച്ചയായും സങ്കീർണമായ ഒരു പ്രക്രിയയാണ്. സ്രഷ്ടാവിന്റെ സംവിധാനവും നിയന്ത്രണവുമാണ് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഇതൊക്കെ സൃഷ്ടിച്ച് നിയന്ത്രിക്കുന്ന സ്രഷ്ടാവിന് മനുഷ്യരെ മരണശേഷം വീണ്ടും ജീവിപ്പിക്കാനും രക്ഷാശിക്ഷകൾ നടപ്പാകാനും കഴിയും എന്നതിൽ ഒരു സംശയവും വേണ്ട എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.**

മറ്റൊരത്ഭുതമാണ് സസ്യങ്ങളുടെ ഭക്ഷണനിർമാണം. ഭൂമിയിൽ ജന്തു വർഗത്തിന്റെ നിലനിൽപ്പിന്നാധാരം സസ്യങ്ങളാണ്. എല്ലാ ജന്തുക്കളും സസ്യങ്ങളെ നേരിട്ടോ അല്ലാതെയോ ആശ്രയിച്ച് ജീവിക്കുന്നവയാണ്. ജൈവലോകത്ത് ഭക്ഷണം നിർമിക്കുവാനുള്ള കഴിവ് നൽകപ്പെട്ടിരിക്കു ന്നത് സസ്യങ്ങൾക്ക് മാത്രമാണ്.

### ആശ്ചര്യകരമായ ആഹാരനിർമാണം

സസ്യങ്ങളിൽ ആഹാരനിർമാണം നടക്കുന്നത് പ്രകാശസംശ്ലേഷണം അഥവാ പ്രഭാകലനം എന്ന രാസപ്രവർത്തനത്തിലൂടെയാണ്. അന്തരീക്ഷത്തിൽനിന്ന് സൂര്യപ്രകാശവും വായുവിൽനിന്ന് കാർബൺഡൈഓക്സൈഡും മണ്ണിൽനിന്ന് ജലവും ഇലകളിലെ ഹരിതകത്തിൽ കൂടിച്ചേർന്ന് ഗ്ലൂക്കോസ് നിർമിക്കുന്നു. ആറ്റിക്കുറുക്കി പറഞ്ഞാൽ ഇതാണ് പ്രഭാകലനം.

അനേകം കോശങ്ങൾകൊണ്ടാണ് ഇലകൾ നിർമിക്കപ്പെട്ടിരിക്കുന്നത്. ഇലയുടെ മുകളിലും താഴെയും ഓരോ വരി ഉപരിവൃതി



(EPIDERMIS) കോശങ്ങളുണ്ട്. അവയ്ക്കിടയിൽ പ്രവാരകല (PALISADE TISSUE), ശിഥിലകല (SPONGY TISUE) എന്നീ രണ്ടു തരം കോശസമൂഹങ്ങൾ സ്ഥിതിചെയ്യുന്നു. പ്രവാരകലയുടെയും ശിഥില കലയുടെയും ഇടയിൽ സൈലം (XYLEM) ഉണ്ട്. ഇതിൽ പ്രവാരകല തൂണുപോലെ ഒന്നിനോടൊന്നു ചേർത്തടുക്കപ്പെട്ടിട്ടുള്ള കോശങ്ങൾകൊണ്ടുള്ളതാണ്. വായു അറകൾ (SUBSTOMATAL CAVITY) അങ്ങിങ്ങായി അടിയിലെ ഉപരിവൃതിയിലുള്ള ചില സുഷിരങ്ങളിലൂടെ പുറത്തേക്ക് തുറന്നിരിക്കുന്നു. ഈ സുഷിരങ്ങളാണ് ആസ്യരന്ധ്രങ്ങൾ (STOMNATE). പ്രഭാകലത്തിനായി കാർബൺഡൈഓക്സൈഡിനെ സ്വീകരിക്കുന്നതും സസ്യത്തിന് ആവശ്യത്തിലധികം വരുന്ന ജലം ആവിയായി പുറത്തുകളയുന്നതും ഈ സുഷിരത്തിലൂടെയാണ്. ഈ സുഷിരങ്ങളുടെ ഇരുവശങ്ങളിലും അണ്ടിപ്പരിപ്പിന്റെ ആകൃതിയിലുള്ള കാവൽകോശങ്ങൾ (GUARD CELLS) ഉണ്ട്. ഇലയിൽ ജലാംശം കൂടുമ്പോൾ ഈ കാവൽ കോശങ്ങൾ വീർത്തിരിക്കും. അതുമൂലം അവയുടെ അണ്ടിപ്പരിപ്പാകൃതിയിലുള്ള വക്രത വർധിച്ചു ആസ്യരന്ധ്രം വലുതാകുന്നു. ഇലകളിലെ ജലം കുറയുമ്പോൾ കാവൽകോശങ്ങളിലെ ജലവും കുറയുന്നു. അവ മൃദുവായി പരസ്പരം അടുക്കുമ്പോൾ ആസ്യരന്ധ്രവും ചെറുതാകുന്നു.

വേര് വലിച്ചെടുക്കുന്ന ജലം കാണ്ഡത്തിലെ ഖരവ്യൂഹക്കുഴലുകൾ വഴി ഇലകളിലെ കോശങ്ങളിലെത്തുന്നു. കാർബൺഡൈഓക്സൈഡ് വായുവിൽനിന്ന് ആസ്യരന്ധ്രങ്ങളിലൂടെ ഇലക്കുള്ളിൽ പ്രവേശിക്കുന്നു. ഹരിതകണങ്ങളിലുള്ള ചില എൻസൈമുകളും സൂര്യപ്രകാശവും ഉപയോഗിച്ച് ഹരിതകം ജലത്തെ ഓക്സിജനും ഹൈഡ്രജനുമായി വേർതിരിക്കുന്നു. ഇങ്ങനെയുണ്ടാകുന്ന ഓക്സിജൻ അന്തരീക്ഷവായുവിൽ ലയിക്കുന്നു. ഹൈഡ്രജൻ കാർബൺഡൈഓക്സൈഡുമായി ചേർന്ന് ആഹാരം അഥവാ അന്നജം സംശ്ലേഷിക്കപ്പെടുകയും ചെയ്യുന്നു.

സൂര്യപ്രകാശത്തിൽ ഏഴ് ഘടകവർണങ്ങളുണ്ട്. വയലറ്റ്, ഇൻഡിഗോ, നീല, പച്ച, ഓറഞ്ച്, ചുവപ്പ് (VIBGYOR). ഈ നിറങ്ങൾക്ക് കാരണമായ രശ്മികളുടെ തരംഗദൈർഘ്യം വ്യത്യസ്തമായതുകൊണ്ടാണ് അവ വ്യത്യസ്ത നിറങ്ങളിൽ കാണപ്പെടുന്നത്. സൂര്യപ്രകാശത്തിലെ ഏഴ് നിറങ്ങളിൽ തരംഗദൈർഘ്യം കൂടുതലുള്ള ചുവപ്പ്, നീല, വയലറ്റ് എന്നീ ഘടക വർണങ്ങളുടെ സാന്നിധ്യത്തിലാണ് പ്രകാശസംശ്ലേഷ ണം നടക്കുന്നത്.

ചില പ്രത്യേക തരംഗദൈർഘ്യമുള്ള പ്രകാശരശ്മികളെ മാത്രമെ ഹരിതകം (CLOROPHYLL) വലിച്ചെടുക്കുകയുള്ളൂ. മറ്റുള്ളവ അതിനെ ബാധിക്കാതെ കടന്നുപോകുന്നു. ക്ലോറോപ്ലാസ്റ്റിൽ, ക്ലോറോഫിൽ അലേയ രാസായനികമായാണ് കാണപ്പെടുന്നത്. ഇത് ധവളപ്രകാശത്തിലെ ചുവപ്പും നീലയും നിറങ്ങൾ ആഗിരണം ചെയ്യുകയും പച്ചയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് സസ്യങ്ങൾക്ക് പൊതുവെ പച്ചനിറം കാണുന്നത്.

ഹരിതകം ഹരിതകണങ്ങൾ (CHLOROPLASTS) എന്ന കോശഘടകങ്ങൾക്കുള്ളിലാണുള്ളത്. ചെടികളുടെ പച്ചനിറമുള്ള ഭാഗങ്ങളിൽ, പ്രത്യേകിച്ച് ഇലകളിലെ

> **മരണശേഷം മനുഷ്യരെ ഉയിർത്തെഴുന്നെൽപിക്കും എന്നതിൽ സംശയമുണ്ടെങ്കിൽ മൂന്നു കാര്യങ്ങൾ ചിന്തിച്ചു പഠിക്കാനാണ് സൂറത്തുൽ ഹജ്ജിലെ സാമാന്യം ദീർഘമായ അഞ്ചാം സൂക്തത്തിലൂടെ ആവശ്യപ്പെടുന്നത്. ഗർഭസ്ഥ ശിശുവിന്റെ ഘട്ടങ്ങളാണ് ഒന്നാമത്തെത്, ജനനശേഷമുള്ള മനുഷ്യന്റെ വിവിധ ഘട്ടങ്ങളാണ് രണ്ടാമത് ചൂണ്ടിക്കാണിക്കുന്നത്, മഴപെയ്ത മണ്ണിൽനിന്ന് ചെടികൾ മുളച്ചു വരുന്നതാണ് മൂന്നാമത്തെത്. ഈ മൂന്നു കാര്യങ്ങൾ നിങ്ങൾ പഠിച്ചാൽ, ചിന്തിച്ചാൽ നിങ്ങൾക്ക് മരണാനന്തര ജീവിതം എന്ന യാഥാർഥ്യം ഉൾകൊള്ളാൻ ഒരു പ്രയാസവുമുണ്ടാകില്ല.**



**മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരും ജനിക്കാനിരിക്കുന്നവരുമായ സകലമാന മനുഷ്യരെയും സ്രഷ്ടാവ് മരണാനന്തരം ജീവൻ നൽകി രക്ഷാശിക്ഷകൾ നടപ്പാക്കും. ഒരു സംശയവും വേണ്ടാ! മരിച്ചു മണ്ണോടുചേർന്നവർ, തീയിൽ കത്തിനശിച്ചവർ, വെള്ളത്തിലകപ്പെട്ടു ജീവൻ പോയവർ...എല്ലാവരെയും മരണശേഷം ജീവിപ്പിക്കും, നീതി നടപ്പാക്കും. മനുഷ്യവംശത്തിന്റെ ആദ്യത്തെ തലമുറമുതൽ എല്ലാ ജനസമൂഹങ്ങളെയും ദൈവദൂതന്മാരിലൂടെ ബോധവത്കരിച്ച കാര്യമാണത്. പ്രപഞ്ചകർത്താവിന്റെ വാഗ്ദാനമാണതെന്ന് ക്വുർആൻ ഒരു അർഥ ശങ്കക്കുമിടയില്ലാത്ത വിധം വ്യക്തമാക്കിയതാണ്. അവൻ വാഗ്ദാനം ലംഘിക്കുകയില്ല, ആ വിശ്വാസത്തിൽ ദൃഢബോധമുണ്ടായിരിക്കണമെന്നാണ് ക്വുർആന്റെ ആരംഭത്തിൽതന്നെ ചൂണ്ടിക്കാണിക്കുന്നത്.**



കോശങ്ങളിൽ ഹരിതകണങ്ങൾ ധാരളമുണ്ട്. സൂര്യപ്രകാശത്തിൽ നിന്നും ഊർജം സ്വീകരിക്കുന്നതും അതിനെ ആഹാരത്തിൽ അടക്കം ചെയ്യുന്നതും ഹരിതകമാണ്. അതിസങ്കീർണമായ ഒട്ടേറെ രാസപ്രവർത്തനങ്ങളുടെ ഫലമായാണ് ഇലയിൽ ആഹാരം നിർമിക്കപ്പെടുന്നത്. വലിയൊരു രാസപ്രവർത്തന ശാലക്ക് സമാനമായാണ് ഇലയുടെ ഘടനയും സംവിധാനവും.

എല്ലാ ജീവജാലങ്ങളും ശ്വസനത്തിന് ഓക്സിജൻ സ്വീകരിക്കുന്നു. ഇതുമൂലം ഓക്സിജന്റെ അളവ് കുറയേണ്ടതാണ്. എന്നാൽ ഹരിത സസ്യങ്ങൾ പ്രകാശസംശ്ലേഷണം നടത്തുമ്പോൾ ഓക്സിജൻ പുറത്തു വിടുന്നു. അങ്ങനെ അന്തരീക്ഷത്തിലുണ്ടാകുന്ന ഓക്സിജന്റെ കുറവ് പരിഹരിക്കപ്പെടുന്നു.

മരണശേഷം മനുഷ്യരെ ഉയിർത്തെഴുന്നെൽപിക്കും എന്നതിൽ സംശയമുണ്ടെങ്കിൽ മൂന്നു കാര്യങ്ങൾ ചിന്തിച്ചു പഠിക്കാനാണ് സൂറത്തുൽ ഹജ്ജിലെ സാമാന്യം ദീർഘമായ അഞ്ചാം സൂക്തത്തിലൂടെ ആവശ്യപ്പെടുന്നത്. ഗർഭസ്ഥ ശിശുവിന്റെ ഘട്ടങ്ങളാണ് ഒന്നാമത്തെത്, ജനനശേഷമുള്ള മനുഷ്യന്റെ വിവിധ ഘട്ടങ്ങളാണ് രണ്ടാമത് ചൂണ്ടിക്കാണിക്കുന്നത്, മഴപെയ്ത മണ്ണിൽനിന്ന് ചെടികൾ മുളച്ചു വരുന്നതാണ് മൂന്നാമത്തെത്.

ഈ മൂന്നു കാര്യങ്ങൾ നിങ്ങൾ പഠിച്ചാൽ, ചിന്തിച്ചാൽ നിങ്ങൾക്ക് മരണാനന്തര ജീവിതം എന്ന യാഥാർഥ്യം ഉൾകൊള്ളാൻ ഒരു പ്രയാസവുമുണ്ടാകില്ല. അഹങ്കാരവും ധിക്കാരവും തീർത്തും ഒഴിവാക്കി വേണം ചിന്തിക്കാൻ. ഇതാണ് സൂറത്തുൽ ഹജ്ജിലെ അഞ്ചാം വചനത്തിലൂടെ ചിന്തിക്കുന്നവരുടെ മുൻപിൽ ക്വുർആൻ സമർപ്പിക്കുന്നത്.

മരണാനന്തരം ഒരു ജീവിതമുണ്ട്. അവിടെ നന്മ-തിന്മകൾക്ക് കൃത്യമായ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും എന്നത് സത്യത്തിൽ വലിയൊരു ആശ്വാസമാണ്, സമാധാനമാണ്. പലതരത്തിലുള്ള അക്രമങ്ങളും അന്യായങ്ങളും അനീതികളും അനുഭവിച്ച് ഇവിടെ ജീവിക്കുന്നവർക്ക് തങ്ങളനുഭവിച്ച അക്രമങ്ങൾക്ക് നഷ്ടപരിഹാരം നൽകപ്പെടും, അക്രമികൾക്ക് ശിക്ഷയും ലഭിക്കും.

മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരും ജനിക്കാനിരിക്കുന്നവരുമായ സകലമാന മനുഷ്യരെയും സ്രഷ്ടാവ് മരണാനന്തരം ജീവൻ നൽകി രക്ഷാശിക്ഷകൾ നടപ്പാക്കും. ഒരു സംശയവും വേണ്ടാ! മരിച്ചു മണ്ണോടുചേർന്നവർ, തീയിൽ കത്തിനശിച്ചവർ, വെള്ളത്തിലകപ്പെട്ടു ജീവൻ പോയവർ...എല്ലാവരെയും മരണശേഷം ജീവിപ്പിക്കും, നീതി നടപ്പാക്കും.

മനുഷ്യവംശത്തിന്റെ ആദ്യത്തെ തലമുറമുതൽ എല്ലാ ജനസമൂഹങ്ങളെയും ദൈവദൂതന്മാരിലൂടെ ബോധവത്കരിച്ച കാര്യമാണത്. പ്രപഞ്ചകർത്താവിന്റെ വാഗ്ദാനമാണതെന്ന് ക്വുർആൻ ഒരു അർഥശങ്കക്കുമിടയില്ലാത്ത വിധം വ്യക്തമാക്കിയതാണ്. അവൻ വാഗ്ദാനം ലംഘിക്കുകയില്ല, ആ വിശ്വാസത്തിൽ ദൃഢബോധമുണ്ടായിരിക്കണമെന്നാണ് ക്വുർആന്റെ ആരംഭത്തിൽ തന്നെ ചൂണ്ടിക്കാണിക്കുന്നത്. ആ ദൃഢബോധമുള്ളവരെയാണ് ക്വുർആൻ സന്മാർഗത്തിലാക്കുക. അവരാണ് ജീവിതത്തെ ക്രമീകരിച്ച് ഇഹപര വിജയം നേടുന്നവർ.

“ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ മനുഷ്യരെയെല്ലാം ഒരു ദിവസം ഒരുമിച്ചു കൂട്ടുന്നതാകുന്നു. അതിൽ യാതൊരു സംശയവുമില്ല. നിശ്ചയമായും അല്ലാഹു വാഗ്ദാനം ലംഘിക്കുന്നതല്ല” (ആലുഇംറാൻ 9).

*(അവസാനിച്ചു)*

ലേഖനം



# അല്ലാഹു എവിടെ?

ഉമ്മു മിസ്‌യാൽ, മൊറയൂർ

സത്യവിശ്വാസികളുടെ പ്രധാന വിശേഷണമായി സൂറത്തുൽ ബക്വറയുടെ തുടക്കത്തിൽ അല്ലാഹു പറയുന്നത് 'അവർ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നവരാണ്' എന്നാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസ കാര്യങ്ങളായ ഈമാൻ കാര്യങ്ങൾ മുഴുവനും അദൃശ്യകാര്യങ്ങളാണ്. അതിൽ ഒന്നാമതായി പറഞ്ഞത് അല്ലാഹുവിലുള്ള വിശ്വാസമാണല്ലോ. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ കാതലായവശമാണ് അല്ലാഹു എവിടെ എന്നത്. അല്ലാഹു അവന്റെ സൃഷ്ടികളുടെയെല്ലാം മുകളിലാണെന്ന വിശ്വാസം ഒരാളുടെ വിശ്വാസത്തിന്റെ ദൃഢതയുടെ സൂചകമാണ്. അല്ലാഹു ഉപരിയിലാണ് എന്നുള്ളത് ക്വുർആനിലും ഹദീസിലും സ്ഥിരപ്പെട്ട കാര്യമാണ്.

### ഏഴ് ആകാശങ്ങൾ

ഒരു മനുഷ്യന്റെ മുകളിലുള്ളതെല്ലാം അവന്റെ ആകാശമായി ഗണിക്കപ്പെടുന്നു എന്ന് പണ്ഡിതന്മാർ പറഞ്ഞതായി കാണാം. അല്ലാഹു പറയുന്നു: "നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്"(നൂഹ് 15).

വിശുദ്ധ ക്വുർആനിൽ സ്ഥിരപ്പെട്ട കാര്യമാണ് ഏഴ് ആകാശങ്ങൾ ഉണ്ട് എന്നത്. വാനലോകത്ത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും മിൽകീവേകളുമെല്ലാം ഒന്നാം ആകാശത്തിനുള്ളിലാണ്. സൂറത്തുൽ മുൽകിലെ അഞ്ചാം വചനത്തിൽ അല്ലാഹു പറയുന്നു: "ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു..."

ഒന്നാം ആകാശവും രണ്ടാം ആകാശവും തമ്മിലുള്ള അകലത്തെക്കുറിച്ച് നബി(സ്വ) പറഞ്ഞു: "അടുത്ത് നിൽക്കുന്ന ആകാശവും അതിനടുത്ത് നിൽക്കുന്ന ആകാശവും തമ്മിലുള്ള ദൂര വ്യത്യാസം അഞ്ഞൂറ് വർഷമാണ്." ഇങ്ങനെ ഓരോ ആകാശവും തമ്മിലുള്ളത് 500 വർഷത്തെ സഞ്ചാര ദൂരമാണ്. ഓരോ ആകാശത്തിനും കവാടങ്ങളും പ്രത്യേകം കാവൽക്കാരുമുണ്ട്. നബി(സ്വ)യുടെ മിഅ്‌റാജിനെക്കുറിച്ചുള്ള ഹദീസിൽ ഇക്കാര്യം കാണാവുന്നതാണ്. ഒന്നാം ആകാശത്തിന്റെ കവാടത്തിൽ ജിബ്‌രീലും നബി(സ്വ)യും എത്തിയപ്പോൾ കാവൽ നിൽക്കുന്ന മലക്കുകൾ ജിബ്‌രീലിനോട്; ആരാണ്, ക്ഷണിക്കപ്പെട്ടതാണോ എന്നെല്ലാം ചോദിച്ചതായി കാണാം.(ബുഖാരി)

ഈ ഏഴ് ആകാശങ്ങൾക്കപ്പുറം വെള്ളമാണ്. അല്ലാഹുവിന്റെ അർശ് ഈ വെള്ളത്തിന് മുകളിലാണ്. അല്ലാഹു പറയുന്നു: "ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രെ. അവന്റെ അർശ് (സിംഹാസനം) വെള്ളത്തിൻമേലായിരുന്നു. നിങ്ങളിൽ ആരാണ് കർമംകൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്. 'തീർച്ചയായും നിങ്ങൾ മരണത്തിനുശേഷം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരാണ്' എന്ന് നീ പറഞ്ഞാൽ അവിശ്വസിച്ചവർ പറയും; ഇത് സ്പഷ്ടമായ ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല"(ഹൂദ് 7).

വാനങ്ങൾക്കപ്പുറം ശക്തമയ വെള്ളത്തെ സൃഷ്ടിച്ച അല്ലാഹു ഏറെ പരിശുദ്ധൻ തന്നെ! അവൻ ഉദ്ദേശിക്കുന്ന വേളയിൽ ഈ വെള്ളത്തെ അവൻ ഉപയോഗിക്കാറുണ്ട്. നൂഹ് നബി(അ)യുടെ ജനതയെ നശിപ്പിച്ചതിനെ കുറിച്ച് അല്ലാഹുവിന്റെ പരാമർശം ഇപ്രകാരമാണ്: "അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു" (അൽ ക്വമർ 11).

സപ്തവാനങ്ങൾക്കപ്പുറത്ത് ജലത്തിന്റെ വലിയ സാന്നിധ്യമുണ്ട് എന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ഈ വെള്ളത്തിന്റെ ഉപരിയിലാണ് അല്ലാഹുവിന്റെ വിശുദ്ധ അർശ് നിലകൊള്ളുന്നത്. അല്ലാഹുവുമായി ഏറ്റവും അടുത്തു നിൽക്കുന്ന അവന്റെ സൃഷ്ടി അർശാണ്. ഈ അർശിൽ അവൻ ഇസ്തിവാഅ് ചെയ്തിരിക്കുന്നു. അല്ലാഹുവിന് മുകളിൽ മറ്റൊന്നുമില്ല എന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. അവൻ ഏറ്റവും ഉന്നതനാണ്. അവന്റെ 'അൽഅലിയ്യ്' എന്ന നാമത്തിന്റെ പൊരുൾ ഇതാണ്. സർവസൃഷ്ടികളെക്കാളും വലിയവനാണ് അല്ലാഹു. നമസ്‌കാരത്തിലും മറ്റും 'അല്ലാഹു അക്ബർ' എന്ന് പറയുമ്പോൾ ഇക്കാര്യങ്ങളാണ് നാം ഓർക്കേണ്ടത്. മനുഷ്യർ എത്രമേൽ നിസ്സാരന്മാരാണ് എന്ന് അല്ലാഹു അക്ബർ എന്ന വാചകം നമ്മെ അറിയിക്കുന്നുണ്ട്. ഒരു വിശ്വാസിയെ സബന്ധിച്ചിടത്തോളം അല്ലാഹുവിനെക്കുറിച്ചുള്ള അറിവ് അതീവ പ്രാധാന്യമുള്ളതാണ്. ഈ അറിവിന്റെ അടിസ്ഥാനത്തിലാണ് അവന്റെ വിശ്വാസവും കർമങ്ങളും ശരിയാവുന്നത്. ■




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
23 September 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

പുറത്തിറങ്ങി..!!!

WISDOM BOOKS

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com